Vol No.32 No.05 May 2022 കെസിബിസി മീഡിയ Rs.5.00

വത്തിക്കാൻ

# തരംഗം



**വിശ്വാസം നിറഞ്ഞ യുവജനങ്ങൾക്ക്**

ജീവിതം പൂർണ്ണമായി ജീവിക്കാൻ വിളിക്കപ്പെട്ട എല്ലാ യുവജനങ്ങൾക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു; കേൾക്കാനുള്ള രീതിയും വിവേചനത്തിന്റെ ആഴവും വിശ്വാസം ജനിപ്പിക്കുന്ന ധൈര്യവും സേവനത്തിനുള്ള സമർപ്പണവും അവർ പരിശുദ്ധഅമ്മയുടെ ജീവിതത്തിൽ കണ്ടെത്തട്ടെ.

– ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം മേയ് 2022











Platinum Jubilee
1947 - 2022

WOMEN EMPOWERMENT
FAMILY RENEWAL

FIH
QUILON

FIH SISTERS
QUILON

# ലാ ലൂമിയേർ 2022

## വിമലഹൃദയ ഫ്രാൻസിസ്‌ക്കൻ സഭ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു

കുടുംബത്തിന്റെ വിളക്കായ സ്ത്രീയെ
അക്ഷരചമയങ്ങൾ അണിയിച്ച അതുല്യസേവനത്തിന്റെ
സമർപ്പിത സാക്ഷ്യം

വത്തിക്കാൻ തരംഗം

VATHIKAN THARANGAM

May - 2022

RN. 55 178/94

പുസ്തകം- 32

Monthly

ലക്കം-5


# ഉള്ളടക്കം


- എഡിറ്റോറിയൽ 4
- വിശുദ്ധ ദേവസഹായം പിള്ള - സ്പെഷ്യൽ റിപ്പോർട്ട് 5
- ഗൾഫിലെ സഭ 18
- വീണ്ടും വരുന്ന ഉത്ഥിതൻ 22
- വിശുദ്ധിയുടെ ഉത്ഭവം 24
- ലാ ലൂമിയർ 2022 - 27
- വിശുദ്ധിയുടെ ഇലചൂടി നിന്ന ജീവിതം 31
- പ്രാർത്ഥനയുടെ ജീവിതം 33
- വത്തിക്കാൻ വാർത്തകൾ 35
- അക്ഷരം പുസ്തകം 37
- വാർത്തയും ചിന്തയും 34



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ

*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656




# ഹൃദയം കാതോർക്കുന്നു

***കേൾക്കു !***

56– മത് ലോക സമ്പർക്ക മാധ്യമദിന സന്ദേശമായി ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം ഇതാണ് – ഈ ലോകത്തോട് കേൾക്കാൻ ആവശ്യപ്പെടുകയാണ്. ഈ ഡിജിറ്റൽ മാധ്യമ കാലത്തിന്റെ സഞ്ചാരം അതിവേഗമാണ്, സാമൂഹ്യമാധ്യമങ്ങൾ നിരന്തരം ശബ്ദിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരും ഉറക്കെയുറക്കെ പറയുന്നുണ്ട്. പക്ഷെ കേൾക്കാൻ ആരുമില്ല. പരി. പിതാവ് കേൾക്കാൻ ആവശ്യപ്പെടുന്നു. സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡിന്റെയും പ്രമേയവും മുഖ്യ സന്ദേശവും എല്ലാവരെയും കേൾക്കുകയാണ്.

മഹാവ്യാധിയും യുദ്ധവും തീവ്രവാദവും മനുഷ്യനെ എത്രയധികം ബാധിച്ചിരിക്കുന്നു, ഭീകരമായി മുറിപ്പെടുത്തുന്നു. മനുഷ്യരെ കേൾക്കാനും ആശ്വസിപ്പിക്കാനും കഴിയണം. വിവരമറിയാൻ മാത്രമല്ല കേൾക്കുന്നത്, സത്യമറിയാനും കേൾക്കണം. സംഭാഷണങ്ങൾ തുടങ്ങുന്നതും ബന്ധങ്ങൾ ആരംഭിക്കുന്നതും കേൾക്കാൻ മനസ്സുകാണിക്കുമ്പോഴാണ് 'ആകയാൽ നിങ്ങൾ ?" എപ്രകാരമാണ് കേൾക്കുന്നതെന്ന് സൂക്ഷിച്ചുകൊള്ളുവിൻ (ലൂക്ക 8/18). സത്യസന്ധമായ കേൾവിക്ക് ധൈര്യം ആവശ്യമാണ്. കൂടാതെ മുൻവിധിയില്ലാത്ത സ്വതന്ത്രമായ ഹൃദയവും വേണം.

ജൂൺ മാസത്തിലെ ആദ്യ ഞായർ മാധ്യമദിനമായി ആചരിക്കുന്നതിനാണ് കെ സി ബി സി നിശ്ചയിച്ചിട്ടുള്ളത്. മാധ്യമപ്രവർത്തനവും പഠനവും ഏറെ പ്രധാനപ്പെട്ട കാലത്താണ് നാം കേൾക്കാൻ സമയം കണ്ടെത്താൻ പരി. പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നത്. കെ സി ബിസി മീഡിയ കമ്മീഷൻ മാധ്യമരംഗത്ത് വളരെ ക്രിയാത്മകമായും സജീവമായും ഇടപെടുന്നു. അതിനായി കെ സി ബി സി ന്യൂസ് എന്ന വാർത്താ വെബ് സൈറ്റ്, ഐക്കൺ മീഡിയ ഓൺലൈൻ യുട്യൂബ് ചാനൽ ഇവ ആവിഷ്കരിച്ച് നടപ്പിലാക്കി. നിരവധി പരിശീലനപരിപാടികൾ, സാഹിത്യചർച്ചകൾ, ക്യാമ്പുകൾ എന്നിവ നിരന്തരം സംഘടിപ്പിക്കുന്നു.



എല്ലാവരെയും കേൾക്കാനും ഹൃദയം കൊണ്ട് കാതോർക്കാനും കഴിയുന്നതിനാണ് ബന്ധങ്ങൾ സൃഷ്ടിക്കുന്നത്. ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നതും ഇതാണ്.

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

SPECIAL REPORT




# ഭാരതസഭയുടെ ഉജ്ജ്വല താരമായി വിശുദ്ധ ദേവസഹായം പിള്ള

**ബാബു കദളിക്കാട്**



വത്തിക്കാൻ സിറ്റി: അസാധാരണതകളില്ലാത്ത അനുദിന ജീവിതത്തിലൂടെ വികസിതമാകേണ്ട വിശുദ്ധിയുടെ സാംഗത്യം തിരിച്ചറിയണമെന്ന് ഫ്രാൻസിസ് മാർപ്പാപ്പ. ഇന്ത്യക്കാരനായ അത്മായ രക്തസാക്ഷി ദേവസഹായം പിള്ള ഉൾപ്പെടെ പത്തു പേരെ സെന്റ് പീറ്റേഴ്സ് ബസിലിക്കാ ചത്വരത്തിൽ വച്ച് വിശുദ്ധരായി പ്രഖ്യാപിക്കവേയാണ് കർമ്മ വീഥിയെ ദീപ്തമാക്കുന്ന ദൈവ കൃപയ്ക്കു പ്രഥമ സ്ഥാനം നൽകുന്നതിലൂടെ പുണ്യാത്മാക്കളായി മാറ്റപ്പെടുവാനുള്ള വിളിക്കു കാതോർക്കണമെന്ന് മുഴുവൻ വിശ്വാസികളോടുമായി മാർപ്പാപ്പ ആഹ്വാനം ചെയ്തത്.

ദൈവ സ്നേഹമാണ് വിശുദ്ധിയിലേക്കുള്ള പാതയൊരുക്കുന്നതെന്ന് ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു. നാം ദൈവത്തെയല്ല, ദൈവം നമ്മെയാണ് ആദ്യം സ്നേഹിക്കുന്നത്. ഈ




KCBC MEDIA COMMISSION

# “ഹൃദയം കൊണ്ട് കേൾക്കൂ”

## 56-ാം ആഗോള മാധ്യമ ദിനം

**5 JUNE,2022**

www.kcbcmediacommission.com ICON MEDIA ONLINE KCBC MEDIA KCBC MEDIA kcbcmediacom KCBC NEWS www.kcbcnews.com



ബോധ്യവും അതിന്റെ പ്രഖ്യാപനവും നമ്മുടെ ജീവിതത്തിലും വിശ്വാസപ്രകടനങ്ങളിലും പ്രധാനമായിരിക്കട്ടെ.'നാം ദൈവത്തെ സ്നേഹിക്കുകയല്ല; അവിടന്ന് നമ്മെ സ്നേഹിക്കുകയാണ് ചെയ്തത്'' (1 യോഹന്നാൻ 4:10).അക്കാര്യം ഒരിക്കലും മറക്കരുത്. നമ്മുടെ കഴിവുകളും യോഗ്യതകളുമല്ല കേന്ദ്ര സ്ഥാനത്തുവരുന്നത്, മറിച്ച് നമുക്ക് അർഹതയില്ലാത്ത നിരുപാധികവും സൗജന്യവുമായ ദൈവസ്നേഹമാണ്.

നാം ക്രിസ്ത്യാനികൾ ആയിരിക്കുന്നതിന്റെ പ്രഥമ സ്ഥാനത്തു വരേണ്ടത് സിദ്ധാന്തങ്ങളും പ്രവൃത്തികളുമായിരിക്കരുത്. മറിച്ച്, നാം സ്നേഹിക്കപ്പെടുന്നുവെന്ന് കണ്ടെത്തുന്നതിന്റെ വിസ്മയമാകണം നമ്മുടെ ഏതൊരു പ്രതികരണത്തിലും മുന്നിട്ടുനിൽക്കേണ്ടതെന്നും മാർപ്പാപ്പ ചൂണ്ടിക്കാട്ടി. ഫലം പുറപ്പെടുവിച്ചാൽ മാത്രമേ നമുക്ക് മൂല്യമുള്ളുവെന്ന് ലോകം പലപ്പോഴും ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. അതേസമയം, നാം സ്നേഹിക്കപ്പെടുന്നു എന്ന ജീവിതസത്യമാണ് സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നത്. ഇതാണ് നമ്മുടെ അതുല്യമായ മൂല്യം: ദൈവത്താൽ നമ്മൾ സ്നേഹിക്കപ്പെടുന്നു.

സമകാലികനായ ഒരു ആത്മീയ ഗുരു ഇപ്രകാരം കുറിച്ചുവച്ചു: 'ഏതൊരു മനുഷ്യനും നമ്മെ കാണുന്നതിന് മുമ്പ്, ദൈവത്തിന്റെ സ്നേഹനിർഭരമായ കണ്ണുകൾ നമ്മെ കണ്ടു. നാം കരയുകയോ ചിരിക്കുകയോ ചെയ്യുന്നത് ആരെങ്കിലും കേൾക്കുന്നതിനുമുമ്പ്, നമ്മെ പൂർണ്ണമായും കാതോർത്തിരിക്കുന്ന ദൈവം നമ്മെ ശ്രവിച്ചു. ഈ ലോകത്തിലെ ആരെങ്കിലും നമ്മോട് സംസാരിക്കുന്നതിന് മുമ്പുതന്നെ, ശാശ്വത സ്നേഹത്തിന്റെ ശബ്ദം നമ്മോട് സംസാരിച്ചുകൊണ്ടിരുന്നു '. ആദ്യം അവൻ നമ്മെ സ്നേഹിച്ചു, അവൻ നമുക്കുവേണ്ടി കാത്തിരുന്നു. അവൻ നമ്മെ സ്നേഹിക്കുന്നു, അവൻ നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. ദൈവത്താൽ സ്നേഹിക്കപ്പെട്ടവരെന്നതാണ് നമ്മുടെ അനന്യത. ദൈവത്താൽ സ്നേഹിക്കപ്പെട്ടവർ എന്നത് തന്നെയാണ് നമ്മുടെ ശക്തിയും.

ഭാരതസഭയ്ക്ക് പ്രത്യേകിച്ചും സാർവ്വത്രിക സഭയ്ക്ക് പൊതുവെയും സന്തോഷമേകി ഫ്രാൻസിസ് പാപ്പായുടെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വിശുദ്ധ പ്രഖ്യാപന ശുശ്രൂഷാ ചടങ്ങിൽ തമിഴ്നാട്ടിൽ നിന്നും കേരളത്തിൽനിന്നുമുള്ള നൂറു കണക്കിനു പേരുൾപ്പെടെ അമ്പതിനായിരത്തിലേറെപ്പേർ സന്നിഹിതരായിരുന്നു.തങ്ങളുടെ സുവിശേഷ സാക്ഷ്യത്താൽ,

# Tail: Theresian Academy for International Language



ഫാ. ജോർജ് ചേപ്പില CST

ആലുവ സോഷ്യൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂട്ട് കാമ്പസിൽ **CST** വൈദികരുടെ നേതൃത്വത്തിൽ ഭാഷാപഠന മേഖലയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്കും നേഴ്സുമാർക്കും നൽകുകയും വിദേശത്ത് പ്ലെയ്സ്മെന്റ് ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് Tail: Theresian Academy for International Language ന്റെ പ്രവർത്തനം ആരംഭിക്കുന്നത്.

ജർമ്മനി, യു.കെ., കാനഡ, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ മികച്ച യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടുന്നതിന് വിദ്യാർത്ഥികളെയും ഉന്നതനിലവാരം പുലർത്തുന്ന ആശുപത്രികളിൽ ജോലിക്കായി നഴ്സുമാരേയും പ്രാപ്തരാക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ജർമ്മനിയിലും യു.കെയിലും ജോലിയും പഠനവും ഉറപ്പാക്കുന്നതിനുള്ള എല്ലാ സഹായ സഹകരണങ്ങളും ഞങ്ങൾ നൽകുന്നു. ഇന്ത്യയിൽ നിന്നുള്ള നഴ്സുമാരേയും IELTS Score- 7, OET 'B' സ്കോറുള്ള നഴ്സുമാർക്ക് നിയമനം നൽകുന്നതിന് U.K. - N.H.S. ഹോസ്പിറ്റലുമായി ചേർന്നു പ്രവർത്തിക്കുന്നു.




അത്യാധുനിക സൗകര്യങ്ങളോടെ പരിചയസമ്പന്നരായ അദ്ധ്യാപകരാൽ തികഞ്ഞ അച്ചടക്കത്തോടെയുള്ള മൂല്യാധിഷ്ഠിതമായ പരിശീലനം ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. യുവതലമുറയുടെ നല്ല ഭാവിക്കും രാജ്യത്തിന്റെ അഭിവൃദ്ധിക്കും ഈ സ്ഥാപനം നിദാനമാകും.

A1, A2 കഴിഞ്ഞ നഴ്സിംഗ് ബിരുദധാരികൾക്ക് ജർമനിയിൽ കെയർ അസിസ്റ്റന്റ് ആയി തുടങ്ങുവാനും അതിനുശേഷം B1, B2 ജർമനിയിൽ തന്നെ പൂർത്തീകരിക്കാനും അവസരമൊരുക്കും. നഴ്സിംഗ് കഴിഞ്ഞവർക്ക് A1, A2, B1, B2 പൂർത്തിയാക്കി രജിസ്റ്റേർഡ് നഴ്സ് ആയി ജർമനിയിൽ ജോലി ചെയ്യാനുള്ള അവസരമുണ്ട്. യു.കെ, കാനഡ, ഓസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ സർവ്വകലാശാലകളിലെ പഠനത്തിന് സൗജന്യ സഹായമൊരുക്കുന്നതിന് 200 ഓളം സർവ്വകലാശാലകളുമായുള്ള ഞങ്ങളുടെ നെറ്റ് വർക്ക് ഉപയോഗിക്കാവുന്നതാണ്. ലാൻഗ്വേജ് അക്കാദമി, വിദേശ പഠനം എന്നിവയിലാണ് ഞങ്ങളുടെ സേവനം ലഭിക്കുക. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉത്തരവാദിത്വത്തോടെയുള്ള പ്രത്യേകം ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

*ഏവർക്കും സ്വാഗതം*

TAIL THERESIAN ACADEMY FOR INTERNATIONAL LANGUAGE

Download Now!
TAIL GLOBAL
GET IT ON Google Play

**ഫാ. ജോർജ് ചേപ്പില CST,** മാനേജർ
**Email: info@tailglobal.com**
**Ph: 8921979383,7306340086,**
**7907463686**



ഈ നവവിശുദ്ധർ അവരവരുടെ രാജ്യങ്ങളുടെയും മാനവകുടുംബം മുഴുവന്റെയും ആത്മീയവും സാമൂഹികവുമായ വളർച്ചയെ പരിപോഷിപ്പിച്ചുവെന്ന് പാപ്പ അനുസ്മരിച്ചശേഷം ലോകത്തിൽ അകൽച്ചയും പിരിമുറുക്കങ്ങളും യുദ്ധങ്ങളും വർദ്ധിക്കുന്ന ഖേദകരമായ അവസ്ഥയെക്കുറിച്ചുള്ള ഉത്ക്കണ്ഠയും പ്രകടമാക്കി. സമൂല പരിഹാരങ്ങൾക്കായുള്ള സംഭാഷണ വഴികൾ തുറക്കാൻ പ്രത്യേകിച്ച് വലിയ ഉത്തരവാദിത്തമുള്ള സ്ഥാനങ്ങൾ വഹിക്കുകയും സമാധാനത്തിന്റെ നായകരാകാൻ വിളിക്കപ്പെടുകയും ചെയ്യുന്നവരുടെ ഹൃദയങ്ങളിലും മനസ്സുകളിലും നവവിശുദ്ധർ പ്രചോദനം പകരട്ടെയെന്ന് പാപ്പാ ആശംസിക്കുകയും ചെയ്തു.

ക്രൈസ്തവരായിരിക്കുക എന്നാൽ എന്താണെന്ന് ദ്യോതിപ്പിക്കുന്ന വാക്കുകളാണ്, ഈ ലോകം വിട്ട് പിതാവിന്റെ പക്കലേക്കു പോകുന്നതിന് മുമ്പ് യേശു തന്റെ അനുയായികളോടു പറയുന്ന ചില മൊഴികളിലൂടെ നാം ശ്രവിച്ചത്: 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക' (യോഹന്നാൻ 13:34). ക്രിസ്തു നമുക്കേകിയ ഒസ്യത്താണിത്; നാം യഥാർത്ഥത്തിൽ അവിടത്തെ ശിഷ്യരാണോ അല്ലയോ എന്ന് തിരിച്ചറിയുന്നതിനുള്ള മൗലിക മാനദണ്ഡം: സ്നേഹത്തിന്റെ കൽപ്പന. ഈ കൽപ്പനയുടെ രണ്ട് പ്രധാന ഘടകങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ഒന്ന്, യേശുവിന് നമ്മോടുള്ള സ്നേഹം; അതായത്, 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ'. രണ്ട്, അവൻ നമ്മോട് ജീവിക്കാൻ ആവശ്യപ്പെടുന്ന സ്നേഹം; ഇതേ മാതൃകയിൽ 'നിങ്ങൾ പരസ്പരം സ്നേഹിക്കുക' എന്നത്. സർവ്വോപരി, 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ'.

എപ്രകാരമാണ് യേശു നമ്മെ സ്നേഹിച്ചത്? അവസാനം വരെ, സമ്പൂർണ്ണ ആത്മദാനം വരെ. അന്ധകാരനിബിഡമായ ഒരു രാത്രിയിലാണ് അവിടന്ന് ഈ വാക്കുകൾ ഉച്ചരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ആ അന്തരീക്ഷം മാനസികവിക്ഷോഭവും ആശങ്കയും നിറഞ്ഞതാണ്, വികാരഭരിതമാണ്. കാരണം, ഗുരു ശിഷ്യന്മാരോട് വിടപറയാൻ പോകുകയാണ്. ഉൽക്കണ്ഠയുടെ വേള. എന്തെന്നാൽ, അവരിൽ ഒരുവൻ തന്നെ ഒറ്റിക്കൊടുക്കും എന്ന് അവൻ പ്രഖ്യാപിക്കുന്നു. യേശുവിന്റെ ആത്മാവിൽ എത്രമാത്രം വേദന ഉണ്ടായിരുന്നുവെന്നും അപ്പൊസ്തോലന്മാരുടെ ഹൃദയത്തിൽ എന്ത് അന്ധകാരമാണ് ഉരുണ്ടുകൂടിയതെന്നും, ഗുരു അവനുവേണ്ടി മുക്കിക്കൊടുത്ത അപ്പക്കഷണം സ്വീകരിച്ച്, വഞ്ചനയുടെ നിശയിലേക്ക് പ്രവേശിക്കാൻ യൂദാസ് മുറിയിൽ നിന്ന് ഇറങ്ങിപ്പോകുന്നതു






# പ്രസിദ്ധീകരിച്ചു



## വിശുദ്ധ കുർബാനയുടെ വചന ശുശ്രൂഷ

### ഒരു വിശുദ്ധ ഗ്രന്ഥവിശകലനം

**ഡോ. സൈറസ് വേലംപറമ്പിൽ**

വിശുദ്ധ ഗ്രന്ഥവായനാ കേന്ദ്രീകൃതമായ ആരാധനക്രമ ആഘോഷങ്ങളുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട്, ദൈവത്തിന്റെ രക്ഷാകര പദ്ധതികൾ ദൈവജനത്തിന് ഇന്ന് ഒരു ആത്മീയ അനുഭവമായിത്തീരുന്ന വചനശുശ്രൂഷയുടെ ഉത്ഭവത്തെക്കുറിച്ചുള്ള ഒരു ദൈവശാസ്ത്ര പഠനമാണ് ഈ പുസ്തകം. ആഗോളസഭയിലെ എല്ലാ ആരാധനക്രമ കുടുംബങ്ങൾക്കും ഒരുപോലെ ബാധകമാവുന്ന ക്രൈസ്തവ ആഘോഷമായ വചനശുശ്രൂഷയുടെ മൗലികമായ പൊതുഘടനയിലേക്കും ദൈവശാസ്ത്രത്തിലേക്കും വിശുദ്ധഗ്രന്ഥത്തിൽ അധിഷ്ഠിതവും ചരിത്രപരവുമായ ഉറവിടങ്ങളിലേക്കുമുള്ള ഒരന്വേഷണം.

**OIRSI Publications**
Departement of Publications
Paurastya Vidyapitham
Vadavathoor P. O., Kottayam 686 010
Mob: +91 9188543331





കാണുമ്പോൾ എന്തൊരു തിക്തതയാണ് അവിടത്തേക്ക് അനുഭവപ്പെട്ടതെന്നും നമുക്ക് ഊഹിക്കാം. ഒറ്റിക്കൊടുക്കലിന്റെ സമയത്താണ്, യേശു പ്രിയപ്പെട്ടവരോടുള്ള തന്റെ സ്നേഹം സ്ഥിരീകരിക്കുന്നത്. കാരണം ജീവിതാന്ധകാരത്തിലും ജീവിതത്തിലെ കൊടുങ്കാറ്റിലും ഇത് അനിവാര്യമാണ്: ദൈവം നമ്മെ സ്നേഹിക്കുന്നു.

പലപ്പോഴും വിശുദ്ധിയെക്കുറിച്ചുള്ള ആശയത്തിന്റെ പരിവർത്തനം നമ്മോട് ആവശ്യപ്പെടുന്നു, ഈ സത്യം. ചില സമയങ്ങളിൽ, സൽപ്രവൃത്തികൾ ചെയ്യാനുള്ള നമ്മുടെ പരിശ്രമത്തിന് വളരെയധികം ഊന്നൽ നൽകുന്നതിലൂടെ, നമ്മിലും, വ്യക്തിപരമായ വീരത്വത്തിലും, ത്യജിക്കാനുള്ള കഴിവിലും, ഒരു സമ്മാനം നേടുന്നതിനായി ആത്മത്യാഗം ചെയ്യുന്നതിലും അധിഷ്ഠിതമായ ഒരു വിശുദ്ധിയെക്കുറിച്ചുള്ള ആശയം നാം വാർത്തെടുക്കുന്നു. ജീവിതത്തെയും, വിശുദ്ധിയെയും സംബന്ധിച്ച ഒരു പക്ഷേ, ശക്തമായ പെലാജിയൻ ദർശനമാണിത്. അതിനാൽ നാം വിശുദ്ധിയെ ഒരു അപ്രാപ്യ ലക്ഷ്യമാക്കുകയും, അതിനെ അനുദിന ജീവിതത്തിലും, വീഥികളിലെ പൊടിയിലും പ്രായോഗിക ജീവിതത്തിലെ കഷ്ടപ്പാടുകളിലും, ആവിലയിലെ വിശുദ്ധ ത്രേസ്യ അവളുടെ സഹസഹോദരിമാരോട് പറഞ്ഞതുപോലെ. 'അടുക്കള പാത്രങ്ങൾക്കിടയിലും' തിരയുകയും ആശ്ലേഷിക്കുകയും ചെയ്യുന്നതിനുപകരം ദൈനംദിന ജീവിതത്തിൽ നിന്ന് മാറ്റി നിറുത്തുകയും ചെയ്യുന്നു.

യേശുവിന്റെ ശിഷ്യന്മാരായിരിക്കുക, വിശുദ്ധിയുടെ പാതയിൽ ചരിക്കുക എന്നത്, എല്ലാറ്റിനുമുപരിയായി, ദൈവസ്നേഹത്തിന്റെ ശക്തിയാൽ സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയാണ്. അഹത്തിനു മേൽ ദൈവത്തിന്റെയും, ജഡത്തിനു മേൽ ആത്മാവിന്റെയും, പ്രവൃത്തികളുടെ മേൽ കൃപയുടെയും മേൽക്കോയ്മ നാം ഉറപ്പുവരുത്തണം. ചിലപ്പോഴൊക്കെ നാം കൂടുതൽ പ്രാധാന്യം സ്വത്വത്തിനും ജഡത്തിനും പ്രവൃത്തികൾക്കും നൽകുന്നു. എന്നാൽ അങ്ങനെയാകരുത്: സ്വത്വത്തിനു മേൽ ദൈവത്തിനാകണം ആധിപത്യം, ജഡത്തിന്മേൽ ആത്മാവിനും. പ്രവൃത്തികളുടെ മേൽ കൃപയ്ക്കു പ്രഥമ സ്ഥാനമുണ്ടാകണം.

നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ശക്തിയാണ് കർത്താവിൽ നിന്ന് ലഭ്യാ

# DAUGHTERS OF PRESENTATION OF MARY IN THE TEMPLE ( DPMT)



മൂന്നാംവയസിൽ ദേവാലയത്തിൽ സ്വയം പ്രതിഷ്ഠിച്ച പരിശുദ്ധ അമ്മയുടെ നാമത്തിൽ ഇറ്റലിയിലെ കോമോ എന്ന പട്ടണത്തിൽ 1833-ൽ സ്ഥാപിതമായതാണ് പ്രസന്റേഷൻ സഭ. ഇന്ന് ഇന്ത്യയിൽ കേരളം, കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, പഞ്ചാബ്, ഗുജറാത്ത്, ഒറീസ, ആസാം, മേഘാലയ എന്നീ സംസ്ഥാനങ്ങളിലും ഇറ്റലി, താൻസാനിയ, കെനിയ, ഇന്തോനേഷ്യ, പാപ്പുവാ നൂഗിനിയ എന്നീ രാജ്യങ്ങളിലും പ്രസന്റേഷൻ സഹോദരിമാർ സേവനം അനുഷ്ഠിക്കുന്നു.

സഭാസ്ഥാപകരായ ഫ്രാൻസിസ്കാ ബുത്തി, മരിയ റോസി എന്നിവരുടെ മാതൃക കാലോചിതമായി പിന്തുടർന്നുകൊണ്ട് വിദ്യാഭ്യാസം, ആതുരസേവനം ഇടവകാ പ്രവർത്തനങ്ങൾ, സാമൂഹ്യസേവനം എന്നീ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ട് ക്രിസ്തു സ്നേഹത്തിന് സാക്ഷ്യം വഹിക്കുന്നു. വെല്ലുവിളികളെ നേരിടുന്ന ഇന്നത്തെ സമൂഹത്തിൽ ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിതം സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക

**Vocation Promoter,**
**Presentation Provincial House**
**Chevayur. P.o, Kozhikode Dt,**
**Ph: 0495 2356450, 8547111975**
**email: presentationcalicut@gmail.com**

മാകുന്ന സ്നേഹം. അത് ഹൃദയങ്ങളെ വിശാലമാക്കുകയും സ്നേഹിക്കാൻ നമ്മെ സജ്ജമാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് യേശു ഇങ്ങനെ പറയുന്നത്: ഇതാണ് രണ്ടാമത്തെ കാര്യം – 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുക'. അതിനാൽ ഇത് യേശുവിന്റെ സ്നേഹം അനുകരിക്കാനുള്ള ഒരു ക്ഷണം മാത്രമല്ല; അതിനർത്ഥം, അവൻ നമ്മെ സ്നേഹിച്ചതുകൊണ്ട് മാത്രമാണ് നമുക്ക് സ്നേഹിക്കാൻ കഴിയുക എന്നാണ്. കാരണം അവൻ നമ്മുടെ ഹൃദയങ്ങൾക്ക് സ്വന്തം ആത്മാവിനെ, വിശുദ്ധിയുടെ ആത്മാവിനെ നൽകുന്നു; നമ്മെ സുഖപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന സ്നേഹമാണത്.

ആയതിനാൽ അതിനു യോജിച്ചവിധം നമുക്ക് തിരഞ്ഞെടുപ്പു നടത്താനും എല്ലാ സാഹചര്യങ്ങളിലും നാം കണ്ടുമുട്ടുന്ന ഓരോ സഹോദരനും സഹോദരിക്കുമായി സ്നേഹ പ്രവൃത്തികളിൽ മുഴുകാനും കഴിയും. കാരണം നമ്മൾ സ്നേഹിക്കപ്പെടുന്നു, നമുക്ക് സ്നേഹിക്കാനുള്ള ശക്തിയുണ്ട്. അങ്ങനെ ഞാൻ സ്നേഹിക്കപ്പെടുന്നതുപോലെ, എനിക്ക് സ്നേഹിക്കാൻ കഴിയും. എല്ലായ്പ്പോഴും, ഞാൻ നിറവേറ്റുന്ന സ്നേഹം എന്നോടുള്ള യേശുവിന്റെ സ്നേഹവുമായി ഐക്യപ്പെട്ടിരിക്കുന്നു: 'അവൻ എന്നെ സ്നേഹിച്ചതുപോലെ, എനിക്കും സ്നേഹിക്കാൻ കഴിയും. ക്രിസ്തീയ ജീവിതം അത്ര ലളിതമാണ്, അത് വളരെ ലളിതമാണ്! നാം അതിനെ നിരവധി കാര്യങ്ങളാൽ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. എന്നാൽ അത് വളരെ ലളിതമാണ്.


പ്രായോഗികമായി, ഈ സ്നേഹത്തിൽ ജീവിക്കുക എന്നതിന്റെ പൊരുളെന്താണ്? ഈ കൽപ്പന നമുക്കേകുന്നതിനു മുമ്പ്, യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി; ഈ കൽപ്പന ഉച്ചരിച്ചശേഷം അവൻ കുരിശു മരത്തിന്മേൽ സ്വയം സമർപ്പിച്ചു. സ്നേഹിക്കുക എന്നതിനർത്ഥം ഇതാണ്: സേവിക്കുക, ജീവൻ നൽകുക,ശുശ്രൂഷയേകുക. അതായത്, സ്വന്തം താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകാതിരിക്കുക; അത്യാഗ്രഹത്തിന്റെയും മത്സരത്തിന്റെയും വിഷങ്ങളിൽ നിന്ന് വിമുക്തമാകുക; നിസ്സംഗതയുടെ അർബുദത്തോടും അവനവനിൽ കേന്ദ്രീകരിക്കുന്ന പ്രവണതയുടേതായ മരപ്പുഴുവിനോടും പോരാടുക; ദൈവം നമുക്ക് നൽകിയ സിദ്ധികളും ദാനങ്ങളും പങ്കുവയ്ക്കുക. പ്രായോഗികമായി, 'മറ്റുള്ളവർക്കായി ഞാൻ എന്താണ് ചെയ്യേണ്ടത്?' എന്ന് സ്വയം ചോദിക്കുക. ഇതാണ് സ്നേഹം; ദൈനംദിന കാര്യങ്ങൾ സേവന മനോഭാവത്തോടെ, സ്നേഹ ഭരിതമായി, ആരവങ്ങളില്ലാതെ, ഒന്നും അവകാശപ്പെടാതെ നിറവേറ്റി ജീവിക്കുകയെന്നത്.

ജീവൻ നൽകൽ എന്നതിന്റെ അർത്ഥമറിയണം. എന്തെങ്കിലും മറ്റുള്ളവർക്ക് നൽകൽ അല്ല അത്. മറിച്ച്, ആത്മദാനമാകണം അത്. തന്നോട് ഉപദേശം തേടുന്നവരോട് താൻ ചോദിക്കാറുള്ള ഒരു ചോദ്യം ഇങ്ങനെയാണെന്ന് മാർപ്പാപ്പ വിശദീകരിച്ചു. 'എന്നോടു പറയൂ, നിങ്ങൾ ഭിക്ഷ കൊടുക്കുമോ?'. 'അതെ, പിതാവേ, ഞാൻ ദരിദ്രർക്ക് ഭിക്ഷ നല്കുന്നു' എന്നാകും മറുപടി. 'നിങ്ങൾ ദാനം ചെയ്യുമ്പോൾ, ആ വ്യക്തിയുടെ കൈയിൽ സ്പർശിക്കുന്നുണ്ടോ, അതോ ഭിക്ഷ എറിഞ്ഞ് കൊടുക്കുകയും അങ്ങനെ വൃത്തിയുള്ളവനായിരിക്കാൻ ശ്രമിക്കുകയുമാണോ ചെയ്യുന്നത്?'.അപ്പോൾ അവരുടെ മുഖം അരുണാഭമാകുന്നു: 'ഇല്ല, ഞാൻ തൊടുന്നില്ല.' 'നീ ഭിക്ഷ നൽകുമ്പോൾ, നീ സഹായിക്കുന്ന ആളുടെ കണ്ണിൽ നോക്കുന്നുണ്ടോ അതോ മറ്റെവിടെയെങ്കിലുമാണോ നോക്കുക?' – 'ഞാൻ നോക്കുന്നില്ല'.

# ‘Saint Devasahayam: Sacrifice and Crown of Glory’

**The First Book in English from Jeevanadam Publications to be Released Internationally**

## Marking the Solemn Celebration of the Canonisation of Devasahayam




**Now Available at Pre-Publication rate ₹ 450**

Most Comprehensive, Authoritative Collective Monograph of Historical Studies and Hermeneutic Analyses on the Life and Times, Heroic Virtues, Christian Witness and Martyrdom of Devasahayam, the first Indian-born Married Layman Martyr to be Exalted as Saint by the Universal Roman Catholic Church.

Edited by George Jacoby and Dr. Antoney George Pattaparambil, the 368-Page Book Features Eminent Historians, Subject Experts, Writers and Ecclesiastical Dignitaries:

**Archbishop Dr. Filipe Neri Ferrão, President CCBI**
**Bishop Dr. Joseph Kariyil, President KRLCBC**
**Bishop Dr. Nazarene Soosai, of Kottar Diocese**
**Bishop Dr. Selvister Ponnumuthan, of Punalur Diocese**
**Dr. John Kulandai**
**Dr. B. Sobhanan**
**Dr. Antoney George Pattaparambil**
**Dr. Sunny Jose SJ**
**Dr. Beeta John**
**Ignatius Thomas**
**Amalagiri Ezhil**
**Dr. P. Pushpa Raj**
**Dr. A.K Perumal**
**Prof. Immaculate Philip**
**Dr. Rosella Joseph FMA and Sr. Sumathi M. FMA**
**L. Jossie Catherine**
**M.G. Devasahayam IAS (Retd.)**
**T. Maria Devasahayam**
**Gopikrishnan Kottoor**
**George Jacoby**

A Memorable Volume from Jeevanadam Publications to Mark the Canonisation of Devasahayam at St. Peter's Basilica in Vatican on May 15, 2022

**Book your copies: +91-0484-2361616, +91-7034461616. jeevaoffice2005@gmail.com**


BEST COMPLIMENTS FROM
**A2Z Sanitary Wares**
P.T.Usha Road, Ernakulam,Cochin-11
A2Z GROUP CALL US: 0484 - 2352502,2371557, 2374323, 2374215



തൊടുക, നോക്കുക; വേദനിക്കുന്ന ക്രിസ്തുവിനെ നമ്മുടെ സഹോദരീസഹോദരന്മാരിലൂടെ ദർശിക്കുകയും സ്പർശിക്കുകയും ചെയ്യുക. ഇത് വളരെ പ്രധാനമാണ്. ജീവൻ പങ്കിടുകയാണിതിലൂടെ. വിശുദ്ധി എന്നത് ഏതാനും വീരോചിത പ്രവൃത്തികളാൽ രൂപമെടുക്കുന്നതല്ല, മറിച്ച് വലുതായ ദൈനംദിന സ്നേഹത്താൽ രൂപംകൊള്ളുന്നതാണ്. നീ ഒരു സമർപ്പിതയോ സമർപ്പിതനോ ആണോ? – ഇന്ന്, ഇവിടെ ധാരാളം പേർ ഉണ്ട് . നിന്റെ സമർപ്പണം സന്തോഷത്തോടെ ജീവിച്ചുകൊണ്ട് വിശുദ്ധനായിരിക്കുക. നീ വിവാഹിതനോ വിവാഹിതയോ ആണോ? ക്രിസ്തു സഭയോടു ചെയ്തതുപോലെ നിന്റെ ഭർത്താവിനെയോ ഭാര്യയെയോ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധനോ വിശുദ്ധയോ ആയിരിക്കുക.

നീ ഒരു പുരുഷ തൊഴിലാളിയാണോ, സ്ത്രീ തൊഴിലാളിയാണോ? സഹോദരങ്ങളുടെ സേവനത്തിനായി സത്യസന്ധതയോടെയും വൈദഗ്ധ്യത്തോടെയും സ്വന്തം ജോലി ചെയ്യുക. നിന്റെ സഹപ്രവർത്തകർ തൊഴിൽരഹിതരാകാതിരിക്കുന്നതിനും അവർക്ക് ന്യായമായ വേതനം ലഭിക്കുന്നതിനും വേണ്ടി അവരുടെ നീതിക്കായി പോരാടുകയും ചെയ്തു കൊണ്ട് വിശുദ്ധിയുള്ള വ്യക്തിയായിരിക്കുക. നീ അപ്പനാണോ, അമ്മയാണോ, മുത്തശ്ശിയോ മുത്തച്ഛനോ ആണോ? യേശുവിനെ അനുഗമിക്കാൻ കുട്ടികളെ ക്ഷമയോടെ പഠിപ്പിച്ചു കൊണ്ട് വിശുദ്ധനായിരിക്കുക. എന്നോട് പറയൂ, നിനക്ക് അധികാരമുണ്ടോ? – ഇവിടെ അധികാരമുള്ള ധാരാളം ആളുകൾ ഉണ്ട് – ഞാൻ നിങ്ങളോട് ചോദിക്കുന്നു: നിനക്ക് അധികാരമുണ്ടോ? പൊതുനന്മയ്ക്കുവേണ്ടി പോരാടുകയും നിന്റെ സ്വാർത്ഥ താൽപര്യങ്ങൾ വെടിയുകയും ചെയ്തുകൊണ്ട് വിശുദ്ധനായിരിക്കുക'. അപ്പോസ്തോലിക പ്രബോധനം ചൂണ്ടിക്കാട്ടുന്നതുപോലെ വിശുദ്ധിയുടെ പാത, വളരെ ലളിതമാണ്! മറ്റുള്ളവരിൽ എപ്പോഴും യേശുവിനെ ദർശിക്കുക.

സുവിശേഷത്തെയും സഹോദരങ്ങളെയും സേവിക്കുക, ലാഭം നോക്കാതെ സ്വന്തം

KCBC MEDIA COMMISSION

in collaboration with

SNEHASENA

# SUMMER FIESTA 2022

## Creativity Workshop for children

18 & 19 MAY 2022

9.30AM - 5.30PM

AGE: 8 - 15

VENUE:
POC
PALARIVATTOM
KOCHI

82810 54656

Fees: 800/-

Rediscovering Oneself Through
ART, MUSIC & THEATRE



ജീവൻ സമർപ്പിക്കുക: ഇത് ഒരു രഹസ്യമാണ്. നേട്ടം പ്രതീക്ഷിക്കാതെ, ലൗകിക മഹത്വം തേടാതെ സമർപ്പിക്കുക: ഇതിനാണ് നമ്മളും വിളിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട നമ്മുടെ സഹയാത്രികർ ഇപ്രകാരമാണ് വിശുദ്ധിയോടെ ജീവിച്ചത്: ചിലർ പുരോഹിതർ, സമർപ്പിതർ മറ്റു ചിലർ അല്മായർ. അവരെല്ലാവരും സ്വന്തം ദൗത്യത്തെ ആവേശ പൂർവംആശ്ലേഷിച്ചുകൊണ്ട്, സുവിശേഷത്തിനായി ജീവിതം വിനിയോഗിച്ചു.അവർ സമാനതകളില്ലാത്ത സന്തോഷം കണ്ടെത്തി. അവർ ചരിത്രത്തിൽ കർത്താവിന്റെ വിളങ്ങുന്ന പ്രതിഫലനങ്ങളായി മാറി. ചരിത്രത്തിലെ കർത്താവിന്റെ തിളങ്ങുന്ന പ്രതിഫലനം: ഇതാണ് ഒരു വിശുദ്ധൻ അഥവാ വിശുദ്ധ.

'വിശുദ്ധിയിലേക്കുള്ള വഴി അടഞ്ഞിട്ടില്ല, അത് സാർവ്വത്രികമാണ്. മാമ്മോദീസയോടെ ആരംഭിക്കുന്ന, നമുക്കെല്ലാവർക്കുമായുള്ള ആ വിളിയും വഴിയും തുറന്നുതന്നെ കിടക്കുന്നു. നമുക്കു ശ്രമിക്കാം, അതേ വഴി നീങ്ങാൻ. എന്തെന്നാൽ നമ്മൾ ഓരോരുത്തരും വിശുദ്ധിയിലേക്ക്, അദ്വീതീയവും അനാവർത്തിതവുമായ വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. വാഴ്ത്തപ്പെട്ട കാർലോ അക്കുത്തിസ് പറഞ്ഞതുപോലെ വിശുദ്ധി എല്ലായ്പ്പോഴും യഥാർത്ഥമാണ്: പകർപ്പ് വിശുദ്ധി ഇല്ല. എന്റെയും, നിന്റെയും, നാമെല്ലാവരുടെയും വിശുദ്ധി യഥാർത്ഥമായതാണ്. അത് അദ്വിതീയവും ആവർത്തിക്കാനാവാത്തതുമാണ്. അതേ, കർത്താവിന് ഓരോരുത്തരെയും സംബന്ധിച്ച സ്നേഹപദ്ധതിയുണ്ട്. നിന്റെ  ജീവിതത്തെക്കുറിച്ചും എന്റെ ജീവിതത്തെക്കുറിച്ചും നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെക്കുറിച്ചും അവന് ഒരു സ്വപ്നമുണ്ട്. സന്തോഷത്തോടെ അത് മുന്നോട്ടുകൊണ്ടുപോകുക.' പുതിയ വിശുദ്ധരുടെ മാതൃക സന്തോഷത്തോടെ അനുകരിക്കാൻ സഹായിക്കുന്നതിന് പരിശുദ്ധ കന്യാമറിയത്തിന്റെ മാദ്ധ്യസ്ഥ്യം തേടാൻ എല്ലാവരെയും ക്ഷണിച്ചു കൊണ്ടാണ് പാപ്പാ സമാപനാശീർവ്വാദം നല്കിയത്.




# ബിഷപ്പ് ഹിൻഡർ വിരമിക്കുന്നു ബിഷപ്പ് പൗളോ മർത്തിനെല്ലി പുതിയ മെത്രാൻ



**ജോബി ബേബി,നഴ്സ്,കുവൈറ്റ്**

ഗൾഫ് മേഖലയിൽ അതിശക്തമായ ഇടപെടലുകൾ (രാഷ്ട്രീയപരവും,സാമൂഹികപരവും,വിശ്വാസപരവുമായ) നടത്തിയ ക്രിസ്ത്യൻ സമൂഹത്തിൽ ഏറെ എടുത്ത് പറയേണ്ട ഒരു വിഭാഗമാണ് ഫ്രാൻസിസ് പാപ്പയുടെ ചുമതലയുടെ കീഴിൽ വരുന്ന കത്തോലിക്കാ മത വിശ്വാസികൾ. ഖത്തർ , ബഹറിൻ , സൗദി അറേബ്യ, കുവൈറ്റ് എന്നിവ ചേരുന്ന നോർത്തേൺ അറേബ്യ വികാരിയാത്തും (ഏറെക്കാലം കുവൈത്ത് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന വികാരിയാത്ത് നിലവിൽ ബഹ്റൈൻ തലസ്ഥാനം മനാമ കേന്ദ്രീകരിച്ചാണ് പ്രവർത്തനം). യെമൻ , ഒമാൻ , യുഎഇ (യുഎഇ ആസ്ഥാനമായി പ്രവർത്തിക്കുന്ന വികാരിയാത്ത്) എന്നിവ ഉൾപ്പെടുന്ന സതേൺ അറേബ്യ വികാരിയാത്തും ചേരുന്നതാണ് ഗൾഫ് മേഖലയിലെ കത്തോലിക്കാ സമൂഹം. ഗൾഫ് മേഖലയിലെ കത്തോലിക്കാ സമൂഹത്തിനും ,സഭയ്ക്കും അകമഴിഞ്ഞ സംഭാവനകൾ നൽകിയ ചിലരെ പരിചയപ്പെടുത്താൻ ശ്രമിക്കുന്നതാണ് ഈ ലേഖനം.



ബിഷപ്പ് മർത്തിനെല്ലി



ബിഷപ്പ് ബാലിൻ



ബിഷപ്പ് ഹിൻഡർ

**ബിഷപ്പ് കാമിലോ ബാലിൻ**

ഇറ്റലിയിൽ നിന്നെത്തി ഗൾഫ് സമൂഹത്തിന്റെ മനം കവർന്ന ആത്മീയാചാര്യൻ. അറബ് രാഷ്ട്രങ്ങൾക്ക് ഏറ്റവും പ്രിയങ്കരനായ ക്രിസ്തീയ നേതാവ്,ഗൾഫിലെത്തിയപ്പോൾ അറബി പഠിച്ച് അറബിക്കിൽ പുസ്തകങ്ങളെഴുതി ആദ്യമായി ബഹ്റൈൻ പൗരത്വം നേടിയ ആദ്യ ബിഷപ്പ്. ഗൾഫ് ഭരണാധികാരികളുടെ മനം കവർന്ന ബിഷപ്പായിരുന്നു കാമിലോ ബാലിൻ.

ഇറ്റാലിയൻ പൗരത്വത്തോടൊപ്പം ബഹ്റൈൻ പൗരത്വവുമുണ്ടായിരുന്ന അദ്ദേഹം നന്നായി അറബി ഭാഷ കൈകാര്യം ചെയ്തിരുന്നു.ഗൾഫ് രാജ്യങ്ങളിലെ സഭാ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ മാർഗദർശനവും നേതൃപാടവവും സമൂഹത്തിന് എക്കാലവും കരുത്ത് പകരുന്ന ഒന്നായിരുന്നു.ഗൾഫ് സമൂഹത്തിനൊന്നൊഴികെ പ്രിയങ്കരമായ വ്യക്തിത്വം ആയി മാറിയ അദ്ദേഹം നീണ്ട 15 വർഷത്തോളം സഭയെ ഭരിച്ചു.ദീർഘനാൾ രോഗബാധിതനായ അദ്ദേഹം ഇറ്റലിയിൽ ചികിത്സയിൽ കഴിയുകയും 2020 ഏപ്രിൽ 12ന് ഈ ലോകത്തോട് വിടപറയുകയും ചെയ്തു.

ക്രിസ്ത്യൻ സഭകളിലെ എല്ലാ റീത്തുകൾക്കും അവരവരുടെ അതേ റീത്തുകളിൽ അറബ് ലോകത്ത് ആരാധനാ ചടങ്ങുകൾ നടത്തുന്നതിനും മതബോധനം നടത്തുന്നതിനുമുള്ള അവസരങ്ങൾ അദ്ദേഹത്തിന്റെ ഇടപെടലിലൂടെ അനുവദിച്ചു നൽകി.

ബഹ്റൈൻ കത്തീഡ്രൽ നിർമ്മാണം അദ്ദേഹത്തിന്റെ സ്വപ്ന പദ്ധതിയായിരുന്നു. അതിനായി അദ്ദേഹം അക്ഷീണ പ്രയത്നം നടത്തിയത് എന്നും സ്മരിക്കപ്പെടും.

മാർ ആലഞ്ചേരി പിതാവിനെ ഉൾപ്പെടെ ഇന്ത്യയിലെ വിവിധ ബിഷപ്പുമാരെ കുവൈറ്റിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും കൊണ്ടുവരാനും അവർക്ക് ആതിഥ്യമരുളാനും സഭയ്ക്കുള്ളിലെ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു.

മലയാളി സമൂഹത്തെയും കേരളത്തേയും ഏറെ ഇഷ്ടപ്പെട്ട വ്യക്തിത്വം

പ്രവാസി മലയാളികളുടെ ഭാവി തലമുറകളെ ആത്മീയ തലത്തിലേക്ക് ആനയിച്ചതിൽ കാമിലോ ബാലിൻ തിരുമേനിയുടെ ഇടപെടലുകൾക്ക് വലിയ പങ്കുണ്ടായിരുന്നു.



മലയാളികളോട് ഏറ്റവും താത്പര്യം പ്രകടിപ്പിച്ച അദ്ദേഹം മലയാളികളുടെ കുടുംബകൂട്ടായ്മ യോഗങ്ങളിലും, ജീസസ് യൂത്തിന്റെ യോഗങ്ങളിലും പങ്കെടുക്കുകയും കുടുംബങ്ങളുമായി സൗഹൃദം സൂക്ഷിക്കുകയും ചെയ്തു. മലയാളി സമൂഹത്തിന്റെ നിരവധിയായ ജീവകാരുണ്യ പദ്ധതികൾക്കും തുടക്കം കുറിച്ചത് അദ്ദേഹമായിരുന്നു.കർദ്ദിനാൾ മാർ വർക്കി വിതയത്തിലിന്റെ ക്ഷണം സ്വീകരിച്ച് 2007ൽ അദ്ദേഹം സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലെത്തുകയും സഭാ സിനഡിൽ പങ്കെടുക്കുകയും ചെയ്തിരുന്നു.അതിന് ശേഷവും രണ്ട് തവണ ആയുർവേദ ചികിത്സയ്ക്കായി അദ്ദേഹം കേരളം സന്ദർശിച്ചു. മാർ വർക്കി വിതയത്തിൽ പിതാവിനും പുറമേ നിലവിലെ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി,മാർ ക്ലീമീസ് കാതോലിക്കാ ബാവ എന്നിവരുമായും അടുത്ത സൗഹൃദമാണ് മാർ ബാലിൻ തിരുമേനിക്ക് ഉണ്ടായിരുന്നത്.

**ബിഷപ്പ് പോൾ ഹിൻഡർ**

അറബ് ക്രൈസ്തവർക്ക് ഏറെ സുപരിചിതനായ ബിഷപ്പ് പോൾ ഹിൻഡർ 1942ഏപ്രിൽ 22ന് സ്വിറ്റ്സർലൻഡിൽ ജനിച്ചു. ബിഷപ്പ് ഹിൻഡർ 1967ല് വൈദികനായി. 2003 ൽ അറേബ്യയുടെ സഹായമെത്രാനായും 2011ല് സതേൺ അറേബ്യയുടെ(യെമൻ , ഒമാൻ, യുഎഇ)അപ്പസ്തോലിക് വികാരിയുമായും സേവനം അനുഷ്ഠിച്ചു പോരുന്നു.2020 ഏപ്രില് 12ന് ബിഷപ്പ് കമിലോ ബാലിൻ മരിച്ചതോടെ സതേൺ അറേബ്യയുടെ അപ്പസ്തോലിക് വികാരി സ്ഥാനം ഒഴിഞ്ഞുകിടക്കുകയായിരുന്നു. തുടർന്ന് ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ അതിന്റെയും ചുമതല ഏൽപ്പിച്ചു. 18 വർഷത്തോളം ഗൾഫ് മേഖലയിലെ അജപാലനരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച അദ്ദേഹം ഈ വർഷം എൺപതു വയസു പൂർത്തിയായ സാഹചര്യത്തിൽ സ്വയം വിരമിക്കലിനായി വത്തിക്കാനെ സമീപിക്കുകയും ഫ്രാൻസിസ് പാപ്പ അദ്ദേഹത്തിന്റെ ആവശ്യം അംഗീകരിക്കുകയും ചെയ്യ്തു.

കത്തോലിക്കാ കോൺഗ്രസിന്റെ പ്രഥമ ആഗോള സമ്മേളനം(2019ൽ) ദുബായില് നടത്തുന്നതിന് അദ്ദേഹം മുൻകൈ എടുത്തു.
ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിന് നിർണ്ണായക ഇടപെടൽ നടത്തിയ വ്യക്തിത്വം കൂടിയാണ് അദ്ദേഹം.

കുടിയേറ്റ സമൂഹത്തിന്റെ അജപാലന ശുശ്രൂഷയ്ക്കുള്ള പൊന്തിഫിക്കൽ കൗൺസിൽ അംഗം കൂടിയാണ് ബിഷപ്പ് പോൾ ഹിൻഡർ.
ചരിത്രത്തിൽ ആദ്യമായി ഗൾഫ് സന്ദർശിക്കുന്ന പാപ്പ എന്ന ഖ്യാതിയോടെ ഫ്രാൻസിസ് പാപ്പ നടത്തിയ യുഎഇ സന്ദർശനത്തിന് മുഖ്യ ഇടപെടൽ നടത്തിയ വ്യക്തിയാണ് അദ്ദേഹം.
ഗൾഫ് മേഖലയിലെ പതിനായിരക്കണക്കിന് പ്രവാസി ക്രൈസ്തവരുടെ സ്വപ്ന സാക്ഷാത്ക്കാരമായ ഔര് ലേഡി ഓഫ് അറേബ്യ,മനാമ പണികഴിപ്പിക്കുന്നതിൽ കാമിലോ പിതാവിന്റെ കാലശേഷം മുഖ്യ പങ്ക് വഹിച്ചത് അദ്ദേഹമാണ്.

കേരളത്തെയും പ്രത്യേകിച്ചും മലയാളികളെ ഏറെ ഇഷ്ട്ടപ്പെട്ട വ്യക്തിയായിരുന്നു ബിഷപ്പ് പോൾ ഹിൻഡർ.കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സഭാദിനത്തിൽ(2015ൽ) തുടക്കം കുറിക്കുന്നതിനായി അന്ന് അദ്ദേഹം കേരളത്തിലേക്ക് കടന്ന് വരികയും ക്രിസ്റ്റ്യൻ വിശ്വാസി സമൂഹത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു. യു എ ഇ യിൽ നടത്തപ്പെടുന്ന എല്ലാ മലയാളി ക്രിസ്റ്റ്യൻ സമൂഹത്തിന്റെ സജീവസാന്നിധ്യമാണ് പിതാവ്.

**ബിഷപ്പ് പൗലോ മർത്തിനെല്ലി**

മിലാൻ അതിരൂപതയുടെ സഹായമെത്രാനായിരുന്ന ബിഷപ് പൗളോ മർത്തിനെല്ലിയെ 2022 മെയ് 1–ന് ദക്ഷിണ അറേബ്യയിലെ അപ്പസ്തോലിക വികാരിയേറ്റിന്റെ പുതിയ അപ്പോസ്തോലിക വികാരിയായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു.ദക്ഷിണ അറേബ്യയിലെ മുൻ അപ്പോസ്തോലിക വികാരിയും കപ്പൂച്ചിൻ സഭാംഗവുമായിരുന്ന ബിഷപ് പോൾ ഹിൻഡർ സ്ഥാനമൊഴിഞ്ഞതിനെത്തുടർന്നാണ്, ഒമാൻ, ഐക്യ അറബ് എമിറേറ്റുകൾ, യെമെൻ എന്നീ രാജ്യങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശത്തിന്റെ മുഴുവനും ചുമതലയും കപ്പൂച്ചിൻ സഭാംഗം തന്നെയായ ബിഷപ് പൗളോ മർത്തിനെല്ലിയെ പാപ്പാ ഏല്പിച്ചത്.ബിഷപ്പ് പൗലോ മാർട്ടിനെല്ലി നിലവിൽ മിലാനിലെ സഹായമെത്രാനാണ്. മെത്രാഭിഷേക ചടങ്ങുകളുടെ തീയതി ഉടൻ അറിയിക്കും. അബുദാബിയിലെ സെന്റ് ജോസഫ് കത്തീഡ്രലായിരിക്കും ചടങ്ങുകൾ.ഫ്രാൻസിസ്കൻ കപ്പൂച്ചിൻ വൈദികനായ ഡോ. പൗലോ മാർട്ടിനെല്ലി 1958ൽ മിലാനിൽ ജനിച്ചു.1980ൽ കപ്പൂച്ചിൻ സഭയിൽ ചേർന്നു.1985ൽ വൈദികനായി.2014 മേയിൽ ഫ്രാൻസിസ് മാർപാപ്പയാണ് ഫാ.പൗലോ മാർട്ടിനെല്ലിയെ മിലാനിലെ സഹായ മെത്രാനായി നിയമിച്ചത്.



ലേഖകനും കുടുംബവും മുൻ ബിഷപ്പ് പോൾ ഹിൻഡർ പിതാവിനൊപ്പം



# പ്രതിസന്ധികളിൽ നമ്മുടെ ചാരെ വീണ്ടും വരുന്നവൻ - ഉത്ഥിതൻ

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**



2022 ഏപ്രിൽ 24ന് നടത്തിയ സുവിശേഷ വിചിന്തനത്തിൽ പരി. പിതാവ് ഫ്രാൻസീസ് പാപ്പ പ്രതിസന്ധി നിറഞ്ഞ ഈ കാലഘട്ടത്തിൽ നമ്മോടൊപ്പമായി ആശ്വാസവും സാന്ത്വനവും സമാധാനവും പ്രതീക്ഷയും നൽകുന്നവനാണ് ഉത്ഥിതനായ ഈശോ എന്ന് ഉദ്ബോധിപ്പിച്ചു.

യോഹ.20:19–31 എന്ന ഭാഗത്തെ അടിസ്ഥാനമാക്കി വിചിന്തനം നടത്തി കൊണ്ടാണ് പാപ്പ ഇപ്രകാരം പഠിപ്പിച്ചത്.

ഈശോ ഉത്ഥിതനായ ശേഷം ഭയത്താൽ കതകടച്ചിരുന്ന ശിഷ്യന്മാരുടെ അടുത്ത് നടത്തുന്ന രണ്ട് പ്രത്യക്ഷീകരണങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്. ആദ്യം വന്നപ്പോൾ തോമാ ശ്ലീഹ അവിടെ ഇല്ലാതിരുന്നതുകൊണ്ടാണ് ഈശോ രണ്ടാം പ്രാവശ്യം തോമാ ശ്ലീഹ കൂടി ഉള്ളപ്പോൾ ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടത്.

പാപ്പാ പറയുന്നത് ഈ രണ്ടു പ്രത്യക്ഷീകരണങ്ങളിലും രണ്ടു പ്രധാന കഥാപാത്രങ്ങളുണ്ടെന്നാണ്: തോമാശ്ലീഹായും ഈശോയും.

ഒന്നാമതായി തോമസ്.

കർത്താവ് പ്രത്യക്ഷപ്പെട്ടപ്പോൾ മുറിയിലില്ലാതിരുന്ന തോമാസ് ശ്ലീഹാ നമ്മുടെയെല്ലാം പ്രതിനിധിയാണ്. വിവിധ കാരണങ്ങളാൽ ഭയന്ന് ഈശോ തുണയും സങ്കേതവും ജീവന്റെ നാഥനുമാണെന്നും അവനെ കാണാതെയും തൊടാതെയും വിശ്വസിക്കാനുമാകാതെ നട്ടം തിരിയുകയാണ് നാം. ഈശോയെ കാണാതെയും തൊടാതെയും എങ്ങനെ വിശ്വസിക്കുവാൻ സാധിക്കുമെന്നും എന്തുകൊണ്ടാണ് കർത്താവ് അവിടത്തെ സാന്നിദ്ധ്യത്തിന്റെയും സ്നേഹത്തിന്റെയും വളരെ സ്പഷ്ടമായ അടയാളങ്ങൾ നൽകാത്തതെന്നും ചോദിക്കുന്നവരാണ് പലപ്പോഴും നാം.
എന്നാൽ തോമാശ്ലീഹായുടെ വിശ്വാസ പ്രതിസന്ധി നമുക്കു കാണിച്ചു തരുന്നത് ജീവിതത്തിൽ വിശ്വാസ വിഷമഘട്ടങ്ങളെ നാം ഭയപ്പെടേണ്ടതില്ല എന്നാണ്. പാപ്പാ പറയുന്നത് പ്രതിസന്ധികൾ ഒരു പാപമല്ല മറിച്ച് അവ ഒരു യാത്രയാണ്. അവ നമ്മെ വിനയാന്വിതരാക്കണം. നാം ആവശ്യത്തിലിരിക്കുന്നവരാണെന്ന് സ്വയം തിരിച്ചറിയാൻ പ്രതിസന്ധികൾ നമ്മെ സഹായിക്കുന്നു. നമുക്ക് ദൈവത്തെ ആവശ്യമാണെന്ന അവബോധം പുനരുജ്ജീവിപ്പിക്കുകയും അങ്ങനെ കർത്താവിലേക്ക് മടങ്ങാനും അവന്റെ മുറിവുകളിൽ തൊടാനും ആദ്യ തവണയെന്ന പോലെ വീണ്ടും അനുഭവിക്കാനും ഈശോയുടെ സ്നേഹം നമ്മെ അനുവദിക്കുകയും ചെയ്യുന്നു.

രണ്ടാമതായി ഈശോ.

തോമാ ശ്ലീഹായുടെ അസാന്നിദ്ധ്യം പലപ്പോഴും നമ്മുടേതുമാണ്. എന്നാൽ ഈശോ തമ്മെ ഉപേക്ഷിക്കുന്നില്ല, മടുക്കുന്നുമില്ല. നമ്മുടെ പ്രതിസന്ധികളിലും ബലഹീനതകളിലും നമ്മെ തേടി ശ്ലീഹന്മാരുടെ പക്കൽ രണ്ടു തവണ വന്നത് പോലെ സമീപസ്ഥനാകുന്നവനും ചാരെ അണയുന്നവനുമാണ് ഈശോ.
നാം സംശയിക്കുമ്പോഴും അവൻ വരുന്നു. തോമാസ് ശ്ലീഹായെപ്പോലെ നമുക്കും അവനെ കാണുകയും കൂടുതൽ അടുത്തു നിന്ന് സ്പർശിക്കുകയും ചെയ്യേണ്ടി വരുമ്പോൾ ഈശോ തിരികെ വരുന്നു. സ്വന്തം മുറിവുകളാകുന്ന അടയാളങ്ങളാൽ പ്രതിസന്ധിയിലുള്ളവരെ ആശ്വസിപ്പിക്കുന്നവൻ: അവനാണ് ഉത്ഥിതനായ ഈശോ നാഥൻ, നമ്മുടെ വിളി കാത്തിരിക്കുന്നവൻ. തോമസ് ശ്ലീഹായെ പോലെ നമുക്കും പരാതി പറയാം. നമ്മുടെ ആവശ്യങ്ങൾ പറയാം. ഈശോ വീണ്ടും വരും കാരണം അവൻ ക്ഷമയും കരുണയുമുള്ളവനാണ്.
പ്രയാസകരമായ പ്രതിസന്ധി ഘട്ടങ്ങളിൽ നാം സ്വയം പൂട്ടി ഈശോയെ വീടിനു പുറത്തു നിറുത്തിയ സമയത്തെ കുറിച്ച് നമുക്ക് അനുതപിക്കാം.
കാരുണ്യത്തിന്റെ അമ്മയായ പരി. മറിയം ഈ അനുതാപ വഴിയിൽ നമുക്ക് തുണയാകട്ടെ.
ഇന്ന് നാം പ്രത്യേകിച്ചും യുവജനങ്ങൾ
പരി. അമ്മയിൽ നിന്ന് പ്രചോദനമുൾകൊണ്ട് വിശ്വാസ ജീവിതത്തിൽ മുന്നോട്ടു പോകുവാൻ വേണ്ട കൃപക്കായി പ്രാർത്ഥിക്കാനും പാപ്പ (മെയ് 3 ന്) ആഹ്വാനം ചെയ്യുന്നു.
ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.




# വിശുദ്ധിയുടെ ഉത്ഭവം പരിശുദ്ധാത്മാവിൽ നിന്നാണ്



***പൗലോസ് അപ്പസ്തോലന്റെ ഗലാതൃക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം - 7

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

വിശുദ്ധ പൗലോസ് ഗലാതൃർക്കെഴുതിയ ലേഖനത്തിന്റെ വിശകലനം നാം തുടരുകയാണ്. ഇത് ഒരു പുതിയ കാര്യമല്ല, ഇത് എന്റേതായൊരു വിശദീകരണമാണ്: നാം വിശകലനം ചെയ്യുന്നത് ഗലാതൃരുമായുള്ള വളരെ ഗുരുതരമായ ഒരു വിയോജിപ്പിൽ വിശുദ്ധ പൗലോസ് പറയുന്ന കാര്യമാണ്. അത് ദൈവവചനം കൂടിയാണ്, കാരണം അത് ബൈബിളിൽ പ്രവേശിച്ചിരിക്കുന്നു. ഇതാരും കണ്ടുപിടിച്ച കാര്യങ്ങളല്ല: അല്ല. ആ കാലത്ത് സംഭവിച്ചതാണ്, അത് ആവർത്തിക്കപ്പെടാം. വാസ്തവത്തിൽ അത് ചരിത്രത്തിൽ ആവർത്തിക്കപ്പെട്ടതായി നാം കണ്ടു. ഇത് പൗലോസ് ഗലാതൃർക്കെഴുതിയ കത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ദൈവവചനത്തെക്കുറിച്ചുള്ള പ്രബോധനം ആണ്: മറ്റൊന്നുമല്ല. ഇത് എപ്പോഴും നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം. സുവിശേഷം സ്വീകരിച്ചുകൊണ്ട് തങ്ങൾ സഞ്ചരിക്കാൻ ആരംഭിച്ച പാത ഉപേക്ഷിക്കുന്നത് എത്ര അപകടകരമാണെന്ന് ഗലാത്തിയയിലെ ആദ്യ ക്രൈസ്തവരെ പൗലോസപ്പോസ്തലൻ കാണിച്ചുകൊടുക്കുന്നത് മുൻ പ്രബോധനങ്ങളിൽ നാം കാണുകയുണ്ടായി. ഔപചാരികതയിൽ നിപതിക്കുകയും അവർക്ക് ലഭിച്ച പുതിയ ഔന്നത്യം- ക്രിസ്തുവിനാൽ വീണ്ടെടുത്തവരുടെ അന്തസ്സ്- തിരസ്കരിക്കുകയും ചെയ്യുന്നതാണ്, വാസ്തവത്തിൽ, ഈ അപകടസാദ്ധ്യത. ഇത് കാപട്യത്തിലേക്കു നയിക്കുന്ന ഒരു പ്രലോഭനമാണ്. നാം ഇപ്പോൾ വായിച്ചു കേട്ട ഭാഗം ആ കത്തിൻറെ രണ്ടാം ഭാഗത്തിന് തുടക്കം കുറിക്കുന്നു. ഇതുവരെ, പൗലോസ് സ്വന്തം ജീവിതത്തെയും വിളിയെയുംക്കുറിച്ചാണ്, അതായത്, ദൈവകൃപ തന്റെ അസ്തിത്വത്തെ പൂർണ്ണമായും സുവിശേഷ സേവനത്തിനുള്ളതാക്കിക്കൊണ്ട് പരിവർത്തനം ചെയ്തതിനെപ്പറ്റിയാണ് സംസാരിച്ചത്. ഈ ഘട്ടത്തിൽ, അദ്ദേഹം ഗലാതൃരെ നേരിട്ട് സംബോധന ചെയ്യുന്നു: അവർ തിരഞ്ഞെടുത്തവയും, അവരുടെ വരപ്രസാദജീവിതാനുഭവത്തെ നിഷ്ഫലമാക്കിയേക്കാവുന്ന ഇപ്പോഴത്തെ അവസ്ഥയും അപ്പോസ്തലൻ അവരുടെ മുന്നിൽ വയ്ക്കുന്നു.

അപ്പോസ്തലൻ ഗലാതൃരെ സംബോധന ചെയ്യുന്നതിനുപയോഗിക്കുന്ന പ്രയോഗങ്ങൾ

തീർച്ചയായും അത്ര സൗഹാർദ്ദപരങ്ങളല്ല. മറ്റ് കത്തുകളിൽ "സഹോദരങ്ങൾ" അല്ലെങ്കിൽ "പ്രിയപ്പെട്ടവർ" എന്നീ പ്രയോഗങ്ങൾ കണ്ടെത്തുക എളുപ്പമാണ്, ഇവിടെ അതില്ല, കാരണം അദ്ദേഹം ദേഷ്യത്തിലാണ്. അദ്ദേഹം "ഗലാത്യർ" എന്ന് പൊതുവെ പറയുകയും രണ്ടുതവണ അവരെ "വിഡ്ഢികൾ" എന്ന് വിളിക്കുകയും ചെയ്യുന്നു, ഇത് ഒരു മാന്യമായ പദമല്ല. അദ്ദേഹം അങ്ങനെ ചെയ്യുന്നത് അവർ ബുദ്ധിമതികളല്ലാത്തതിനാലല്ല, മറിച്ച്, അവർ അത്യാവേശത്തോടെ സ്വീകരിച്ച ക്രിസ്തുവിശ്വാസം മിക്കവാറും അവരറിയാതെ തന്നെ, അവർക്ക് നഷ്ടപ്പെടുന്ന അപകടമുള്ളതുകൊണ്ടാണ്. ക്രിസ്തുവിന്റെ പുതുമയുടെ സൗന്ദര്യമായ അമൂല്യ നിധി നഷ്ടപ്പെടുന്ന അപകടം അവർ തിരിച്ചറിയാത്തതിനാൽ അവർ വിഡ്ഢികളാണ്. അപ്പോസ്തലന്റെ ആശ്ചര്യവും സങ്കടവും സുവ്യക്തമാണ്. ഇതുവരെ പ്രതീക്ഷിക്കാത്ത സ്വാതന്ത്ര്യം നേടാനുള്ള സാദ്ധ്യത പ്രദാനം ചെയ്ത, താൻ നടത്തിയ ആദ്യ വിളംബരം ഓർക്കാൻ അദ്ദേഹം ആ ക്രിസ്ത്യാനികൾക്ക് പ്രചോദനം പകരുന്നത് തിക്തതയില്ലാതെയല്ല.

അപ്പോസ്തലൻ ഗലാത്യരോട് അവരുടെ മനസ്സാക്ഷിയെ പിടിച്ചുകുലുക്കുക എന്ന ലക്ഷ്യത്തോടെ ചില ചോദ്യങ്ങൾ ചോദിക്കുന്നു. ഇതൊക്കെ വാചാടോപപരമായ ചോദ്യങ്ങളാണ്, കാരണം സുവിശേഷ പ്രഘോഷണത്തിലൂടെ ലഭിച്ച കൃപയുടെ ഫലമായാണ് തങ്ങൾ ക്രിസ്തുവിശ്വാസത്തിലെത്തിച്ചേർന്നതെന്ന് ഗലാത്യക്കാർക്ക് നന്നായി അറിയാം. പൗലോസിൽ നിന്ന് അവർ കേട്ട വചനം, യേശുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും പൂർണ്ണമായി ആവിഷ്കൃതമായ ദൈവസ്നേഹത്തിൽ കേന്ദ്രീകൃതമായിരുന്നു. പൗലോസ് തന്റെ പ്രസംഗത്തിൽ പലതവണ അവരോട് ആവർത്തിച്ചതിനേക്കാൾ കൂടുതൽ ബോധ്യപ്പെടുത്തുന്ന ഒരു പ്രയോഗം കണ്ടെത്താൻ കഴിയില്ല: "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹികജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്" (ഗലാത്യർ 2:20). ക്രൂശിതനായ ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാൻ അവൻ ആഗ്രഹിച്ചില്ല (1 കോറിന്തോസ് 2:2). ഗലാത്യക്കാർ മറ്റ് പ്രഖ്യാപനങ്ങളാൽ വ്യതിചലിച്ചു പോകാൻ സ്വയം അനുവദിക്കാതെ ഈ സംഭവമാണ് വീക്ഷിക്കേണ്ടത്. ചുരുക്കത്തിൽ, ക്രിസ്ത്യാനികൾ അപകടത്തെക്കുറിച്ച് അവബോധമുള്ളവരാകുന്നതിനും നിയമങ്ങളുടെ കർശന പാലനത്തിൽ മാത്രം അധിഷ്ഠിതമായ ഒരു മതാത്മകതയിലേക്ക് ആനയിക്കുന്ന ചൂളംവിളിയിൽ വശീകൃതരാകതിരിക്കുന്നതിനും അവരെ നിയന്ത്രിച്ചു നിർത്തുക എന്നതാണ് പൗലോസിന്റെ ഉദ്ദേശ്യം. കാരണം ഗലാത്യയിലെത്തിയ പുതിയ പ്രബോധകർ, തങ്ങൾ പാലിക്കുന്ന മോശയുടെ നിയമങ്ങൾ ഗലാത്യരും, പാലിക്കേണ്ടത് ആവശ്യമാണെന്ന് പഠിപ്പിച്ചിരുന്നു. മറുവശത്ത്, ഗലാത്യർ അപ്പോസ്തലൻ എന്താണ് സൂചിപ്പിക്കുന്നതെന്ന് നന്നായി മനസ്സിലാക്കി. സമൂഹത്തിൽ പരിശുദ്ധാത്മാവിൻറെ പ്രവർത്തനം അവർ തീർച്ചയായും അനുഭവിച്ചറിഞ്ഞു: മറ്റു സഭകളിലെന്നപോലെ, അവരുടെ ഇടയിലും ദാനധർമ്മവും വിവിധങ്ങളായ വരദാനങ്ങളും പ്രകടമായി. നിയന്ത്രണത്തിലായിരുന്ന അവർ അനുഭവിച്ചത് ആത്മാവിന്റെ പുതുമയുടെ ഫലമാണെന്ന് പ്രത്യുത്തരിക്കാൻ അവർ നിർബന്ധിതരായി. അവരുടെ വിശ്വാസത്തിലേക്കുള്ള ആഗമനത്തിന്റെ ആരംഭത്തിൽ, അതിനാൽ, മനുഷ്യരല്ല പ്രത്യുത, ദൈവമാണ് മുൻകൈ എടുത്തത്. പരിശുദ്ധാത്മാവ് ആയിരുന്നു അവരുടെ അനുഭവത്തിന്റെ നായകൻ; സ്വന്തം പ്രവൃത്തിക്കൾക്ക് പ്രാഥമ്യം നല്കുന്നതിന് പരിശുദ്ധാത്രൂപിയെ ഇപ്പോൾ രണ്ടാമത്തെ തട്ടിലാക്കുന്നത്- അതായത്, നിയമത്തിന്റെ പഠിപ്പിക്കലുകൾ നിറവേറ്റുന്നത്- വിഡ്ഢിത്തമാണ്. വിശുദ്ധിയുടെ ഉത്ഭവം പരിശുദ്ധാത്രൂപിയിൽ നിന്നാണ്. ഇത് യേശുവിൻറെ പരിത്രാണ കർമ്മത്തിന്റെ സൗജന്യ ഫലമാണ്. ഇത് നമുക്ക നീതീകരണം നല്കുന്നു.

അങ്ങനെ, വിശുദ്ധ പൗലോസ്, നമ്മെയും, നമ്മൾ എങ്ങനെയാണ് വിശ്വാസം ജീവി

ക്കുന്നതെന്ന് ചിന്തിക്കാൻ ക്ഷണിക്കുന്നു. ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തവനായ ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ രക്ഷയുടെ ഉറവിടമായി നമ്മുടെ ദൈനംദിന ജീവിതത്തിന്റെ കേന്ദ്രത്തിലുണ്ടോ? അതോ നമ്മുടെ മനസ്സാക്ഷിയെ അലട്ടാതിരിക്കുന്നതിന് ചില മതപരമായ ഔപചാരികതയിൽ നാം തൃപ്തിയടയുകയാണോ? നമ്മൾ എങ്ങനെയാണ് വിശ്വാസം ജീവിക്കുന്നത്? അമൂല്യമായ നിധിയോട്, ക്രിസ്തുവിന്റെ പുതുമയുടെ സൗന്ദര്യത്തോട് നാം ഒട്ടിനില്ക്കുകയാണോ? അതോ, അവിടത്തെക്കാളാധികമായി, ഇപ്പോൾ നമ്മെ ആകർഷിക്കുന്നതും എന്നാൽ പിന്നീട് ആന്തരിക ശൂന്യത വരുത്തുന്നതുമായ എന്തെങ്കിലും നാം ഇഷ്ടപ്പെടുന്നുണ്ടോ? ക്ഷണികത പലപ്പോഴും നമ്മുടെ ദിനങ്ങളുടെ വാതിലിൽ മുട്ടുന്നു, പക്ഷേ ഇത് ഒരു സങ്കടകരമായ മിഥ്യയാണ്, ഇത് നമ്മെ ഉപരിപ്ലവതയിലേക്ക് തള്ളിയിടുകയും ജീവിതത്തിന് യഥാർത്ഥ അർത്ഥം നല്കുന്നത് എന്താണെന്ന് തിരിച്ചറിയുന്നതിൽ നിന്ന് നമ്മെ തടയുകയും ചെയ്യുന്നു. എന്നിരുന്നാലും, സഹോദരീസഹോദരന്മാരെ, നാം അകലാൻ പ്രലോഭിപ്പിക്കപ്പെടുമ്പോഴും, ദൈവം ഇപ്പോഴും തന്റെ ദാനങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു എന്ന ഉറപ്പോടെ നമുക്കു നിലകൊള്ളാം. ചരിത്രത്തിലെന്നും, ഇന്നും, ഗലാത്യരോട് സാമ്യമുള്ള കാര്യങ്ങൾ സംഭവിക്കുന്നു, ഗലാത്യർക്ക് സംഭവിച്ചത് ആവർത്തിക്കപ്പെടുന്നു. ഇന്നും ചില ആളുകൾ നമ്മുടെ ചെവി ചൂടുപിടിപ്പിക്കാൻ വന്നുകൊണ്ട് പറയുന്നു: "ഇല്ല, വിശുദ്ധി ഈ പ്രമാണങ്ങളിലാണ്, ഈ കാര്യങ്ങളിലാണ്നിങ്ങൾ ഇത് ചെയ്യണം" എന്ന്. ക്രിസ്തുവിന്റെ വീണ്ടെടുപ്പ് നമുക്ക് നൽകുന്ന ആത്മാവിലുള്ള സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്ന കടുത്ത മതാത്മകതയിലേക്ക് അവർ നമ്മെ നയിക്കുകയും ചെയ്യുന്നു. അവർ മുന്നോട്ടുവയ്ക്കുന്ന കാർക്കശ്യത്തെക്കുറിച്ച് ജാഗ്രതയുള്ളവരായിരിക്കുക: ശ്രദ്ധിക്കുക. കാരണം, എല്ലാ കാഠിന്യത്തിനും പിന്നിൽ മോശമായ എന്തോ ഉണ്ട്, ദൈവാരൂപി ഇല്ല. ഈ കാരണത്താൽ, നമ്മുടെ ആത്മീയ ജീവിതത്തെ പിന്നോട്ടു നയിക്കുന്നതായ മൗലികവാദപരമായ ഇത്തരം നിർദ്ദേശങ്ങൾ ശ്രദ്ധിക്കാതിരിക്കാനും യേശുവിന്റെ പെസഹാവിളിയിൽ മുന്നേറാനും ഈ ലേഖനം നമ്മെ സഹായിക്കും. ഇതാണ് അപ്പസ്തോലൻ ഗലാത്യരോട് ആവർത്തിക്കുന്നത്, പിതാവ് "ആത്മാവിനെ സമൃദ്ധമായി നൽകുകയും നിങ്ങളുടെ ഇടയിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു" (3,5). അവൻ വർത്തമാനകാലത്തിലാണ് സംസാരിക്കുന്നത്, "പിതാവ് ആത്മാവിനെ സമൃദ്ധമായി നൽകി " എന്നല്ല നല്കുന്നു എന്നാണ് പറയുന്നത്. "പ്രവർത്തിച്ചു" എന്ന് പറയുന്നില്ല, ഇല്ല: "പ്രവർത്തിക്കുന്നു" എന്നാണ്. കാരണം, ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് നിരവധി തടസ്സങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയുമായിരുന്നിട്ടും നമ്മുടെ പാപങ്ങൾ ഉണ്ടായിരുന്നിട്ടും അവിടന്ന് നമ്മെ കൈവിടുകയില്ല, മറിച്ച് അവിടന്ന് കരുണാർദ്ര സ്നേഹത്തോടെ നമ്മോടൊപ്പം നിലനിൽക്കുന്നു. ദൈവം എപ്പോഴും അവിടത്തെ നന്മയാൽ നമ്മുടെ ചാരെയുണ്ട്. തന്റെ മകൻ തിരികെ വരുന്നുണ്ടോ എന്നറിയാൻ എല്ലാ ദിവസവും മട്ടുപ്പാവിൽ കയറിനോക്കുന്ന പിതാവിനെ പോലെയാണ്: നമ്മെ സ്നേഹിക്കുന്നതിൽ പിതാവ് ഒരിക്കലും മടുക്കുന്നില്ല. ഈ യാഥാർത്ഥ്യത്തെക്കുറിച്ച് എല്ലായ്പ്പോഴും അവബോധമുള്ളവരായിരിക്കാനും ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നിന്ന് വളരെ അകന്നു നിൽക്കുന്ന കൃത്രിമ താപസ ജീവിതം വാഗ്ദാനം ചെയ്യുന്ന മൗലികവാദികളെ തുരത്താനുമുള്ള ജ്ഞാനം നമുക്ക് അപേക്ഷിക്കാം. വിരക്തജീവിതം ആവശ്യമാണ്, എന്നാൽ അത് കൃത്രിമമായിരിക്കരുത് , വിവേകമാർന്നതായിരിക്കണം.




# സ്ത്രീ ശാക്തീകരണത്തിന്റെ കർമ്മദീപ്തി ചൊരിഞ്ഞ 75 വർഷങ്ങൾ

സി. റെനോറ മേരി FIH



സ്ത്രീ ശാക്തീകരണവും കുടുംബനവീകരണവും ലക്ഷ്യം വച്ച് 1844–ൽ ഫ്രഞ്ച് മിഷണറി ദൈവദാസൻ ലൂയി സവീനിയ ദുപ്ലൂയി പോണ്ടിച്ചേരിയിൽ സ്ഥാപിച്ച സന്യാസിനീ സഭയാണ് വിമലഹൃദയ ഫ്രാൻസിസ്കൻ സഭ. 'അഭ്യസ്ത വിദ്യയായ സ്ത്രീ കുടുംബത്തിന്റെ വിളക്ക്' എന്ന ആപ്തവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് മാറ്റി നിർത്തപ്പെട്ടിരുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി സ്ഥാപിതമായ ഏഷ്യയിലെ ആദ്യത്തെ തദ്ദേശീയ സന്യാസിനി സഭയാണ് വിമലഹൃദയ ഫ്രാൻസിസ്കൻ സഭ. 1947 മാർച്ച് 17ന് മാതൃസഭയിൽ നിന്ന് വേറിട്ട് ഒരു സ്വതന്ത്ര സന്യാസിനി സഭയായി കൊല്ലം കേന്ദ്രമാക്കി വിമലഹൃദയ ഫ്രാൻസിസ്കൻ സഭ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു. കാലങ്ങൾക്കിപ്പുറം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വളർന്നു വിമലഹൃദയ സഭ അതിന്റെ പ്രവർത്തന പഥത്തിൽ 75 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു.

വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹികസേവനം എന്നീ മേഖലകളിലാണ് എഫ്.ഐ.എച്ച്. കോൺഗ്രിഗേഷൻ നിസ്തുല സേവനങ്ങൾ കാഴ്ചവച്ചിട്ടുള്ളത്. ഒരു വർഷം നീണ്ടുനിന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നിർദ്ദന കുടുംബങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതി, വിദ്യാഭ്യാസ സഹായ നിധി, ആരോഗ്യ രംഗത്ത് പിന്നോക്കം നിൽക്കുന്ന ഇടങ്ങളിൽ ആരോഗ്യ കേന്ദ്രം സ്ഥാപിക്കൽ, ബോധവത്ക്കരണ പരിപാടികളും ചികിത്സാ സഹായവും, യുവജനങ്ങൾക്കായി കരിയർ ഗൈഡൻസ്, ഐ.റ്റി. വിദ്യാഭ്യാസത്തിൽ നൈപുണ്യ വികസന പദ്ധതി, ഭിന്നശേഷിക്കാർക്ക് ഹോർട്ടി



കൾച്ചർ തെറാപ്പി എന്നീ കർമ്മ പരിപാടികൾ ജൂബിലി വർഷം പ്രാവർത്തികമാക്കി.

വിമലഹൃദയ സഭയുടെ സ്ഥാപന ദിനമായ മാർച്ച 17 ന് കൊല്ലം മെത്രാൻ റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരിയുടെ മുഖ്യകാർമ്മികത്വത്തിൽ എഫ്.ഐ.എച്ച് ജനറലേറ്റ്, പാലത്തറ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് സുപ്പീരിയർ ജനറൽ റവ. മദർ റെക്സിയാ മേരി എഫ്.ഐ.എച്ച് ജനറലേറ്റിൽ ജൂബിലി പതാക ഉയർത്തി. അന്നേ ദിനം സഭയുടെ എല്ലാ മഠങ്ങളിലും ജൂബിലി പതാക ഉയർത്തി. സഭാംഗങ്ങൾ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

മുൻ കൊല്ലം ബിഷപ്പ് റവ. ഡോ. ജോസഫ് ജി. ഫെർണാണ്ടസ്, ടൈറ്റസ് കട മ്പാട്ട് രചിച്ച്, കെ.ജി. മാർക്കോസ് ആലപിച്ച ജൂബിലി ഗാനം റിലീസ് ചെയ്തു.

പ്ലാറ്റിനം ജൂബിലിയുടെ സമാപന ആഘോഷങ്ങൾ 2022 മേയ് മാസം 2–ാം തീയതി മുതൽ 7–ാം തീയതി വരെ വിവിധ പരിപാടികളോടെ ആഘോഷിച്ചു. 'ലാ ലൂമിയോർ 2022' എന്ന പേര് നൽകിയിരിക്കുന്ന ജൂബിലിയുടെ 1–ാം ദിവസമായ മേയ് 2–ാം തീയതി വിമലഹൃദയ ഫ്രാൻസിസ്കൻ സഭയുടെ പ്രഥമ കോൺവെന്റായ സെന്റ് മാർഗ്രറ്റ്സ് കാഞ്ഞിരകോട് നിന്ന് ജൂബിലി സന്ദേശം അറിയിച്ചുകൊണ്ടുള്ള ദീപശിഖാ പ്രയാണം ആരംഭിച്ചു. ഇടവക വികാരി റവ. ഫാ. റ്റോമി കമാൻസ് കാഞ്ഞിരകോട് മദർ സുപ്പീരിയർ സിസ്റ്റർ റെജി മേരിയിൽ നിന്ന് ദീപശിഖ ഏറ്റുവാങ്ങി. കാഞ്ഞിരകോ ട് ഫൊറോന വികാരി റവ. ഫാ. ജോൺ ബ്രിട്ടോ ദീപശിഖ ആശീർവദിച്ച് ആശംസകൾ അർപ്പിച്ചു. ദീപ ശിഖാ ക്യാപ്റ്റൻ സിസ്റ്റർ റെനോറാ മേരിയുടെ നേതൃത്വത്തിൽ ആരംഭി ച്ച ദീപശിഖാ പ്രയാണം എഫ്.ഐ.എച്ച്. സുപ്പീരിയർ ജനറൽ റവ. മദർ റെക്സിയാ മേരി ഫ്ളാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ദീപശിഖാ പ്രയാണം കൊല്ലം രൂപ തയിലെ കുമ്പളം, കണ്ടച്ചിറ, കോയവിള, അരിനല്ലൂർ, ശാസ്താംകോട്ട, ക്ലാപ്പന, കോവിൽ ത്തോട്ടം, ശക്തികുളങ്ങര, തിരുമുല്ലവാരം, പോർട്ട് കൊല്ലം എന്നീ ഇടവകകളും എഫ്.ഐ .എച്ച്. പ്രോവിൻഷ്യലേറ്റ് പട്ടത്താനം, പി.എസ്. കോൺവെന്റ് കൊട്ടിയം എന്നീ മഠങ്ങളും സന്ദർശിച്ച് ജൂബിലി സന്ദേശം പങ്കിട്ട് സഭയുടെ ആസ്ഥാനമായ എഫ്.ഐ.എച്ച്. ജന റലേറ്റ് പാലത്തറ എത്തിച്ചേർന്നു. അന്നേ ദിവസം കൊല്ലം ബിഷപ്പ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി എഫ്.ഐ.എച്ച്. ജനറലേറ്റിൽ ജൂബിലി പതാക ഉയർത്തി ജൂബിലി സമാപന ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് നടന്ന പൊതുസമ്മേനത്തിന്റെ



ഉദ്ഘാടനവും ബിഷപ്പ് നിർവ്വഹിച്ചു. എഫ്.ഐ.എച്ച്. കേരള പ്രോവിൻസ് പൊവിഷ്യൽ സുപ്പീരിയർ സിസ്റ്റർ അഡോൾഫ് മേരി അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ജോസ് പുത്തൻവീട് എഫ്.ഐ.എച്ച്. മീഡിയ ഉദ്ഘാടനം ചെയ്തു. അനിൽ സേവ്യർ, എ. അനീഷ്, അനിൽ ജോൺ തുടങ്ങിയവർ ആശംസകൾ ആർപ്പിച്ചു.

2-ാം ദിവസമായ മേയ് 3-ാം തീയതി കൊട്ടിയം, വിമലഹൃദയ ധ്യാനകേന്ദ്രത്തിൽ നടന്ന കുടുംബ സംഗമത്തിൽ പുനലൂർ ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനം നെയ്യാറ്റിൻകര ബിഷപ്പ് റവ. ഡോ. വിൻസെന്റ് സാമുവൽ ഉദ്ഘാടനം ചെയ്തു. എഫ്.ഐ.എച്ച്. കർണ്ണാടക പ്രോവിൻസ് പ്രോവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ പ്രീതി മേരി അദ്ധ്യക്ഷത വഹിച്ചു. റവ.മദർ റെക്സിയാ മേരി മാതാപിതാക്കളെ അഭിസംബോധന ചെയ്തു സംസാരിച്ചു. ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീമതി ജെയിൻ ആൻസിൽ ഫ്രാൻസിസ് ആശംസകൾ അർപ്പിച്ചു.

ജൂബിലി ആഘോഷങ്ങളുടെ 3-ാം ദിനമായ മേയ് 4ന് കൊട്ടിയം വിമലഹൃദയ ധ്യാനകേന്ദ്രത്തിൽ സിസ്റ്റേഴ്സ് ദിനാഘോഷത്തിന്റെ ഭാഗമായി നടന്ന പ്രഥമവും നിത്യവുമായ വ്രത വാഗ്ദാന കർമ്മങ്ങൾക്ക് കൊല്ലം ബിഷപ്പ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി കാർമ്മികത്വം വഹിച്ചു. അന്നേ ദിവസം 6 സഹോദരികൾ നിത്യവ്രത വാഗ്ദാനവും 8 നവ സന്യാസിനികൾ പ്രഥമ വ്രതവാഗ്ദാനവും നടത്തി. ദിവ്യബലിമദ്ധ്യേ കൊല്ലം, കർമ്മല റാണി ട്രെയിനിംഗ് കോളേജ് ലോക്കൽ മാനേജർ റവ. ഡോ. ജോസഫ് ജോൺ വചന സന്ദേശം നൽകി. വ്രതവാഗ്ദാന തിരുക്കർമ്മങ്ങളിൽ വൈദികരും സന്യസ്തരും വിശ്വാസികളും പങ്കെടുത്തു.

പ്ലാറ്റിനം ജൂബിലി സമാപന ആഘോഷങ്ങളുടെ 4-ാം ദിനമായ മേയ് 5-ാം തീയതി കൊട്ടിയം, വിമലഹൃദയ ധ്യാനകേന്ദ്രത്തിൽ നടന്ന വിമലഹൃദയ സഖ്യ സംഗമത്തിൽ വെരി.റവ. മോൺ വിൻസെന്റ് മച്ചാഡോ മുഖ്യ കാർമ്മികത്വം വഹിച്ചു. 'സോഷ്യൽ മീഡിയ ആന്റ് സൊസൈറ്റി'എന്ന വിഷയത്തെ ആസ്പദമാക്കി ജിന്റോ മാത്യു (ചീഫ് എക്സിക്യൂട്ടീവ് ആന്റ് കോച്ച് ലീഡ് റൈസ് ടു എക്സലൻസ് പ്രൈവറ്റ് ലിമിറ്റഡ്) സെമിനാർ നയിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം ബോധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, തില്ലേരി, റെക്ടർ റവ. ഫാ. ജോസഫ് പി.എസ് O F M cap ഉദ്ഘാടനം ചെയ്തു. എഫ്.ഐ

.എച്ച്. ഡൽഹി പ്രോവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ കൊളിൻ മേരി അദ്ധ്യക്ഷത വഹിച്ചു. കൊല്ലം രൂപത കെ.സി.വൈ.എം. ഡയറക്ടർ ഫാ.ബിന്നി മാനുവൽ, കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് കിരൺ ക്രിസ്റ്റഫർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

ജൂബിലി സമാപന ആഘോഷങ്ങളുടെ 5–ാം ദിനമായ മേയ് 6–ാം തീയതി പ്രാർത്ഥനാ യജ്ഞമായി ആചരിച്ചു. വിമലഹൃദയ സഭയുടെ എല്ലാ ഭവനങ്ങളിലും ദിവ്യകാരുണ്യ ആരാധന നടന്നു. കൊട്ടിയം വിമലഹൃദയ ധ്യാനകേന്ദ്രത്തിൽ നടന്ന ദിവ്യകാരുണ്യ പ്രദക്ഷിണം ആലപ്പുഴ രൂപത വികാരി ജനറൽ റവ. ഫാ. ജോയി പുത്തൻ വീട്ടിൽ, പറവൂർ ഇടവക വികാരി റവ. ഫാ. ജോർജ്ജ്, കൊല്ലം രൂപത വികാരി സന്യസ്തരുടെ വികാരി ജനറൽ റവ. ഫാ. ബെഞ്ചമിൻ ഒ.സി.ഡി. എന്നിവർ നയിച്ചു.

ജൂബിലി സമാപനത്തിന്റെ 6–ാം ദിനമായ മേയ് 7 ന് എഫ്.ഐ.എച്ച്. ജനറലേറ്റിൽ നിന്നും വനിതകൾ നയിച്ച 'ബൈക്ക് റാലിയുടെ അകമ്പടിയോടെ ദീപശിഖ ജൂബിലി സമാപന സംഗമവേദിയായ കൊട്ടിയം വിമലഹൃദയ ധ്യാനകേന്ദ്രത്തിൽ എത്തിച്ചേർന്നു. റവ. മദർ റെക്ടിയാ മേരി ദീപശിഖാ ക്യാപ്റ്റൻ സിസ്റ്റർ റെനോറാ മേരിയിൽ നിന്നും ദീപശിഖ ഏറ്റുവാങ്ങി ജൂബിലി സമാപന വേദിയിൽ സ്ഥാപിച്ചു.

തിരുവനന്തപുരം ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ ജൂബിലി സമാപന ആഘോഷവേദിയിൽ പതാക ഉയർത്തി. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാരോടും ബഹു വൈദികരോടും സന്യസ്തരോടും വിശ്വാസികളോടും ചേർന്ന് കൃതജ്ഞതാ ബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് നടന്ന ജൂബിലി സമാപന സമ്മേളനം ധനകാര്യ മന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. കൊല്ലം രൂപതാ ബിഷപ്പ് റവ. ഡോ. പോൾ ആന്റണി മുല്ലശ്ശേരി അദ്ധ്യക്ഷത വഹിച്ചു. പുതുതായി നിർമ്മിച്ചു നൽകിയ അഞ്ച് വീടുകളുടെ താക്കോൽ ദാനം മന്ത്രി ആന്റണി രാജു നിർവ്വഹിച്ചു.

വിമലഹൃദയ ഫ്രാൻസിസ്കൻ സന്യാസിനി സമൂഹത്തിന്റെ (എഫ്.ഐ.എച്ച്.) ചരിത്ര പുസ്തകം എൻ.കെ. പ്രേമചന്ദ്രൻ എം.പി. എഫ്.ഐ.എച്ച്. സുപ്പീരിയർ ജനറൽ മദർ റെക്ടിയാ മേരിയ്ക്ക് നൽകി പ്രകാശനം ചെയ്തു. വി.ടി. കുരീപ്പുഴ പുസ്തക പരിചയം നടത്തി.

ഡൽഹി ആർച്ച് ബിഷപ്പ് ഡോ. അനിൽ ജോസഫ് തോമസ് കൂട്ടോ അനുഗ്രഹ പ്രഭാഷണം നടത്തി. പ്ലാറ്റിനം ജൂബിലി സുവിനിയർ കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് റവ. മദർ റെക്ടിയാ മേരിയ്ക്ക് നൽകി പ്രകാശനം ചെയ്തു. എം.എൽ.എ. മാരായ പി.സി വിഷ്ണുനാഥ്, എം. നൗഷാദ്, സിസ്റ്റർ ഫിന്നിയൻ മേരി എഫ്.ഐ.എച്ച്.എം. പോണ്ടിച്ചേരി, എം.എസ്.എസ്.ടി. മദർ ജനറൽ ശാന്തി ആന്റണി, സെന്റ് ഫ്രാൻസിസ് അസ്സീസി പ്രോവിൻസ് പ്രോവിൻഷ്യൽ റവ. ഫാ. പ്രസാദ് സുപ്രിയാൻ O F M cap , ഒ.സി.ഡി. സൗത്ത് കേരള പ്രോവിൻസ് പ്രോവിൻഷ്യൽ റവ. ഫാ. വർഗ്ഗീസ് മാളിയേക്കൽ, കെ.ആർ. എൽ.സി.സി. വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ് എന്നിവർ ആശംസകൾ അർപ്പിച്ചു.

എഫ്.ഐ.എച്ച്. സുപ്പീരിയർ ജനറൽ മദർ റെക്ടിയാ മേരി ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജനറൽ സിസ്റ്റർ ഉഷറ്റാ മേരി സഭയുടെ 75 വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു അസിസ്റ്റന്റ് സുപ്പീരിയർ ജനറൽ സിസ്റ്റർ ഡോ. സെൽസി മേരി ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

75 സിസ്റ്റേഴ്സ് ഒന്നുചേർന്ന് ആലപിച്ച വിമലഹൃദയ ഗാനത്തോടുകൂടി പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു.





# ഇലവുംകുടിയച്ചൻ വിശുദ്ധിയുടെ ഇല ചൂടി നിന്ന ജീവിതം



**ജസ്റ്റിസ് കുര്യൻ ജോസഫ്**

98 വയസ്സ്. 98 പുസ്തകങ്ങൾ. ആത്മീയ പ്രകാശം ചൊരിഞ്ഞ അക്ഷരങ്ങളാൽ വിരചിതമായ ഒരു ജീവിതം ഇതായിരുന്നു ഫാ. ആന്റണി ഇലവുംകുടിയച്ചൻ

പഴയകാലഘട്ടത്തിൽ വൈദികർ മരണപത്രം എഴുതുമ്പോൾ പേരും വയസ്സും മാതാപിതാക്കളുടെ വിവരങ്ങളും മറ്റും എഴുതിക്കഴിഞ്ഞ് തൊഴിൽ എന്തെന്നുള്ള ഭാഗത്ത് വൈദികവൃത്തി എന്നെഴുതുമായിരുന്നു. മറ്റു ചിലർ എഴുതുക ദൈവവിചാരം എന്നാണ്. വൈദികവൃത്തിയുടെ അന്തസ്സത്ത തന്നെ ദൈവവിചാരത്തോട് മുഴുവൻ സമയവും ചേർന്നിരിക്കുകയെന്നതാണ്. ദൈവിവിചാരത്തോടെ എല്ലാ വ്യാപാരങ്ങളിലും ഏർപ്പെടുകയെന്നത് പൂർണ്ണമായും തിരിച്ചറിഞ്ഞ് തന്റെ വൈദികവൃത്തി വളരെ വൃത്തിയായി തന്നെ നിർവഹിച്ച ധന്യനായ വൈദികനാണ് എനിക്ക് എക്കാലത്തും പ്രിയപ്പെട്ട ഇലവുംകുടിയച്ചൻ.

ദീർഘകാലമായി അച്ചനെ എനിക്ക് നേരിട്ടറിയാം. പല ശുശ്രൂഷാ ഇടങ്ങളിലും അച്ചനുമായി നേരിട്ട് ഇടപെടാനും കഴിഞ്ഞിട്ടുണ്ട്. പുസ്തകമെഴുതുകയെന്നത് അത്ര



**കെസിബിസി മീഡിയ കമ്മീഷനും ചാവറ കൾച്ചറൽ സെന്ററും ചേർന്ന് നല്കുന്ന കലാഭവൻ ഫാ.ആബേൽ പുരസ്കാരത്തിന് സാംജി ആറാട്ടുപുഴ അർഹനായി.**

എളുപ്പമുള്ള കാര്യമല്ല. നന്നായി ചിന്തിക്കുന്ന ഒരാൾക്കു മാത്രമേ ഗ്രന്ഥരചന വഴങ്ങുകയുള്ളൂ. ഇതിനാകട്ടെ വൃത്തിയായ മനസ്സുണ്ടാകണം. ആത്മീയ ഗ്രന്ഥരചനയാകുമ്പോൾ മനസ്സിന്റെ നൈർമല്യം പരമപ്രധാനമാണ്. വൃത്തിയും വെടിപ്പുമുള്ള മനസ്സുള്ള ഒരു വ്യക്തിക്ക് മാത്രമേ സുതാര്യമായി ചിന്തിക്കാൻ കഴിയൂ. എങ്കിൽ മാത്രമേ ചിന്ത വിശുദ്ധമാകുകയുള്ളൂ. സുതാര്യത മാത്രം പോരാ, വൈദികനാകുമ്പോൾ ചിന്ത പവിത്രമാകണം. അങ്ങനെ പവിത്രമായ ചിന്ത പ്രസരിപ്പിച്ച 98 ഗ്രന്ഥങ്ങൾ ഇലവുംകുടിയച്ചൻ രചിച്ചു.

ഒരിക്കൽ ഞാൻ അച്ചനോട് മൗലിക സുകൃതങ്ങളെ ആധാരമാക്കി ഒരു ഗ്രന്ഥമെഴുതാമോ എന്ന് ചോദിക്കുകയുണ്ടായി. മൂല പാപങ്ങളെ മറികടക്കാൻ മൗലികസുകൃതങ്ങൾ കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ എന്നു സ്ഥാപിച്ചുകൊണ്ട് അച്ചൻ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഒരു കൈപ്പുസ്തകമായിട്ടായിരുന്നു ആ ഗ്രന്ഥം അച്ചൻ തയ്യാറാക്കിയത്.

ഒരുപാട് ചിന്തിക്കുകയും പഠിക്കുകയും ചെയ്തിരുന്നു ഇലവുംകുടിയച്ചൻ. ഇലവുംകുടിയച്ചന്റെ ദേഹവിയോഗ നിമിഷങ്ങൾ പോലും, ആ ജീവിതത്തിന്റെ വിശുദ്ധി തെളിയിച്ചുവെന്ന് ഞാൻ കരുതുന്നു. മരിക്കുന്നതിനു തൊട്ടുമുമ്പുള്ള ഞായറാഴ്ച അദ്ദേഹത്തിന്റെ ഇടവകയായ ഐമുറി തിരുഹൃദയ ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചന പ്രഘോഷണം നടത്തി. അതു കഴിഞ്ഞ് പ്രീസ്റ്റ് ഹോമിലെത്തിയ അച്ചൻ പ്രഭാതഭക്ഷണം കഴിച്ചതിനുശേഷം എഴുന്നേറ്റ് അൽപം നടന്നു. നടന്നപ്പോൾ ഇരിക്കാൻ തോന്നി. ഇരുന്നു. പിന്നീട് കിടന്നു. ഒന്നു ശ്വാസം വലിച്ചു. അനായാസേന ഒരു മരണം. സമാധാനപ്രിയർക്കുള്ള അനുഗ്രഹം പോലെയായിരുന്നു ആ കടന്നുപോക്ക്. തിന്മയിൽ നിന്ന് നാവിനെയും വ്യാജ ഭാഷണത്തിൽ നിന്ന് അധരങ്ങളെയും കാത്തുസൂക്ഷിക്കാൻ അച്ചന് കഴിഞ്ഞിരുന്നു. ഒരു പരദൂഷണമോ, മറ്റുള്ളവരെ കുറ്റപ്പെടുത്തിയുള്ള സംസാരമോ അച്ചനിൽ നിന്ന് ഞാൻ കേട്ടിട്ടില്ല. മനസ്സാക്ഷി നിർമ്മലമാക്കി ഹൃദയം വെടിപ്പാക്കി ധന്യമായ ചിന്തയോടുകൂടി ജീവിതത്തിന്റെ നേർക്കാഴ്ചകളെ ആത്മീയമായി വിവേചിച്ചറിഞ്ഞ് നല്ല ആത്മീയ ഗ്രന്ഥങ്ങൾ രചിക്കാൻ അച്ചന് കഴിഞ്ഞു. എടുപ്പിലും നടപ്പിലും അച്ചൻ ഈശോയുടെ നിത്യ പൗരോഹിത്യത്തോടു ചേർന്നു നടന്നു. ഇലവുംകുടിയച്ചന് കത്തോലിക്കാസഭ വൈദികരത്നം എന്ന ബഹുമതി നൽകി ആദരിച്ചു. ലാളിത്യവും വിശുദ്ധിയും ഇലവും കുടിയച്ചന്റെ മുഖമുദ്രയായിരുന്നു.

98 ഗ്രന്ഥങ്ങൾ പൂർത്തിയാക്കിയപ്പോൾ ഞാൻ അച്ചനോട് വേഗം 100 പുസ്തകങ്ങൾ തികയ്ക്കണമെന്ന് പറഞ്ഞതു കേട്ട് അച്ചൻ ചിരിച്ചത് ഞാൻ ഓർമ്മിക്കുന്നു. തീർച്ചയായും, അക്ഷരങ്ങൾക്ക് മരണമില്ലല്ലോ, അച്ചൻ 100 പുസ്തകങ്ങൾ തികയ്ക്കാൻ ഇപ്പോഴും എഴുതിക്കൊണ്ടിരിക്കുന്നുവെന്ന് വിശ്വസിക്കാനാണ് എനിക്ക് ഇഷ്ടം. ഇലവും കുടിയച്ചന്റെ ആത്മാവിന് നിത്യ ശാന്തി നേരുന്നു. അച്ചന്റെ ഗ്രന്ഥങ്ങളിലൂടെ വരുംതലമുറകൾ അച്ചനെ ഓർമ്മിക്കും; തീർച്ച.


Community of Little Sisters of Jesus

# പ്രാർത്ഥനയുടെ ജീവിതം വഴി പാവങ്ങളുടെ ലോകത്തിൽ ജീവിച്ച ഫാ. ഷാർല് ദ് ഫുക്കോ വിശുദ്ധ പദവിയിൽ


**സിസ്റ്റർ എൽസമ്മ** LSJ



ഫ്രാൻസിൽ ആഴമായ വിശ്വാസ ചൈതന്യമുള്ള ഒരു ക്രിസ്തീയ കുടുംബത്തിലാണ് വി. ഷാർല് ദ് ഫുക്കോ ജനിച്ചത്. ആറു വയസ് തികയുന്നതിനുമുൻപ് അദ്ദേഹവും ഏക സഹോദരിയും അനാഥരായിത്തീർന്നു. യുവാവായ ഷാർല് പൈതൃകമായി കിട്ടിയ സ്വത്തു മുഴുവനും ധൂർത്തടിച്ചു ജീവിച്ചു. അവസാനം ക്രിസ്തീയ വിശ്വാസവും ഉപേക്ഷിച്ചു. പിന്നീടൊരിക്കൽ അദ്ദേഹം ദൈവപരിപാലനയിൽ ആബേ ഹുവിലിൻ എന്ന വിശുദ്ധാ വൈദികനെ കാണാനിടയായി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1886 ഒക്ടോബറിൽ ഷാർല് മാനസാന്തരപ്പെട്ട് ദൈവത്തിലുള്ള വിശ്വാസം വീണ്ടും കണ്ടെത്തി.

അന്നുമുതൽ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ കേന്ദ്ര ബിന്ദു യേശുവായി തീർന്നു. വിശുദ്ധാ നാട്ടിലേക്കുള്ള തീർത്ഥാടനത്തിനിടക്ക് അദ്ദേഹത്തിന്റെ ദൈവവിളിയിൽ കൂടുതൽ വ്യക്തതയുണ്ടായി.

അത് നസ്രത്തിലെ യേശുവിനെ അനുഗമിക്കാനും അനുകരിക്കാനും ആയിരുന്നു.ഇന്ന് ആയിരത്തിലേറെ അംഗങ്ങളുള്ള "ഈശോയുടെ കൊച്ചു സഹോദരിമാർ" 53 രാജ്യങ്ങളിൽ സേവനമനുഷ്ഠിക്കുന്നു. ഇന്ത്യയിൽ അഞ്ചു ഭവനങ്ങളിലായി (ബംഗളൂരു, വാരണാസി, മുംബൈ, തിരുവനന്തപുരം (പിരപ്പൻകോട്), വയനാട്) വ്യത്യസ്ത പശ്ചാ



നിരവധി സന്യാസ സമൂഹങ്ങൾക്ക് കാരണഭൂതനായ
വിശുദ്ധ ഷാർല് ദ് ഫുക്കോ

ത്തലങ്ങളിൽ ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതത്തിന്റെ ഭാഗമായിക്കൊണ്ട് അവരുടെ സമൂഹം പ്രവർത്തിക്കുന്നു. 1901 – ൽ ഷാർല് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് സഹാറയിലെ ബനിയാബസ് എന്ന സ്ഥലത്തേക്ക് യാത്ര തിരിച്ചു. അവിടെ പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഇടയിൽ അവർക്കൊരു സുഹൃത്തായും സഹോദരനായും ജീവിച്ചു. ആരെയും മതം മാറ്റാൻ ശ്രമിച്ചില്ല. മറിച്ച് അവരെ സ്നേഹിച്ചുകൊണ്ട് സ്വജീവിതത്തിലൂടെ സുവിശേഷ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനാണ് അദ്ദേഹം ശ്രമിച്ചത്. 1916 ഡിസംബർ ഒന്നിന് മധ്യ സഹാറയിലെ ഹൊഗാറിൽവെച്ച് സ്വന്തം വീട്ടു വളഞ്ഞ ഒരു സംഘം കൊള്ളക്കാരാൽ വധിക്കപ്പെട്ടു.

"ഗോതമ്പുമണി നിലം പതിക്കുന്നതുപോലെ." എന്നാൽ പിൻ കാലങ്ങളിൽ അത് സമൃദ്ധമായ വിളവ് പുറപ്പെടുവിച്ചു. സന്യാസി – സന്യാസിനീ സഹോദരങ്ങളും വൈദിക അൽമായ സഹോദരങ്ങളുമടങ്ങുന്ന ഒരു വിശ്വകുടുംബമായി അത് രൂപപ്പെട്ടു.

യേശുവിന്റെ ബേദ്ലഹേമിലേയും നസ്രത്തിലെയും ജീവിതത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിശുദ്ധ ഷാർല് –ന്റെ ആത്മീയതയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ഈശോയുടെ കൊച്ചു സഹോദരികൾ (Little Sisters of Jesus) എന്നറിയപ്പെടുന്ന ആഗോള സമൂഹത്തിലെ അംഗങ്ങളായി നാനാ മതസ്ഥരും വ്യത്യസ്ത പശ്ചാത്തലങ്ങളിൽ ജീവിക്കുന്ന സാധാരണക്കാരുടെയിടയിലും അവരുടെ ജീവിതത്തിന്റെ ഭാഗമായി സ്നേഹത്തിന്റെ ലാളിത്യത്തിന്റെയും പങ്കുവെക്കലിന്റെയുമായ ഒരു ജീവിതശൈലി സ്വീകരിച്ചുകൊണ്ട് കേരളത്തിൽ മാനന്തവാടി രൂപതയിലും തിരുവനന്തപുരം മേജർ അതിരൂപതയിലും സേവനമനുഷ്ഠിക്കുന്നു. 2022 മെയ് 15ന് ഇന്ത്യൻ സമയം ഒരു മണിക്ക് വത്തിക്കാനിൽ ഫ്രാൻസീസ് മാർപാപ്പ ഫാ. ഷാർല് ദ് ഫുക്കോയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തി. അതെ , ഇപ്പോൾ ഫാദർ ഷാർലെ ദൈവ പരിപാലനയുടെ ദീപ്തമാതൃകയായി കഴിഞ്ഞു.



തിരുവനന്തപുരം പിരപ്പൻകോട്ടെ സന്യാസിനി ഭവനം





# മിഷൻ സൊസൈറ്റികളോട് പാപ്പ: 'വിശ്വസ്തരും ധീരരും സർഗ്ഗാത്മകരുമായിരിക്കുക'

തങ്ങളുടെ സ്ഥാപനത്തിന്റെ 200-ാം വാർഷികം ആഘോഷിക്കാൻ ഫ്രഞ്ച് നഗരമായ ലിയോണിൽ ഒത്തുകൂടിയ പൊന്തിഫിക്കൽ മിഷൻ സൊസൈറ്റി അംഗങ്ങൾക്ക് അയച്ച സന്ദേശത്തിൽ, തങ്ങളുടെ ദൗത്യത്തിന്റെ തുടർച്ചയ്ക്കും പൂർത്തീകരണത്തിനുമായി പോളിൻ ജാരിക്കോട്ട് കണ്ടെത്തിയ പാതയിലേക്ക് ഫ്രാൻസിസ് മാർപാപ്പ വിരൽ ചൂണ്ടുന്നു.

"പൊന്തിഫിക്കൽ മിഷനറി സൊസൈറ്റികൾ ഉത്ഭവിച്ചതും പോളിൻ ജരിക്കോട്ടിന്റെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെടുന്നതുമായ നഗരമായ ലിയോണിൽ ഈ പ്രത്യേക വർഷത്തിൽ നിങ്ങൾ ഒത്തുകൂടിയിരിക്കുന്നു," ഒരു പരമ്പര അടയാളപ്പെടുത്തുന്ന പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളിലെ അംഗങ്ങൾക്ക് അയച്ച സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

1823-ൽ പയസ് ഏഴാമൻ മാർപാപ്പ അംഗീകരിച്ച 'വിശ്വാസത്തിന്റെ പ്രചരണം' എന്ന സംഘടന സ്ഥാപിച്ച, മിഷനറി ജീവിതത്തിലേക്കുള്ള വിളി അനുഭവിച്ച ഒരു ഫ്രഞ്ച് സാധാരണ സ്ത്രീയായിരുന്നു പോളിൻ ജരിക്കോട്ട്.

ഈ വാർഷികങ്ങൾ കോൺഗ്രിഗേഷൻ ഡി പ്രൊപ്പഗണ്ട ഫിഡെയുടെ 400-ാം വാർഷികാഘോഷത്തിന്റെ ഭാഗമാണെന്ന വസ്തുത മാർപ്പാപ്പ തന്റെ സന്ദേശത്തിൽ എടുത്തു കാണിക്കുന്നു.

'അതിനാൽ, പുതുക്കിയ റോമൻ ക്യൂറിയയിൽ, സഭയുടെ മിഷനറി പരിവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് ഡിക്കാസ്റ്ററി ഫോർ ഇവാഞ്ചലൈസേഷൻ ഒരു പ്രത്യേക പങ്ക് വഹിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, അത് മതപരിവർത്തനമല്ല, മറിച്ച് സാക്ഷിയാണ്: എല്ലാവരും സഹോദരീസഹോദരന്മാരായി വിളിക്കപ്പെട്ടിരിക്കുന്ന നമുക്കുവേണ്ടിയുള്ള സൗജന്യവും രക്ഷാകരവുമായ ദൈവസ്നേഹം സ്വന്തം ജീവിതംകൊണ്ട് പ്രഖ്യാപിക്കാൻ സ്വയം സന്നദ്ധരാകുന്നു.

200 വർഷങ്ങൾക്ക് മുമ്പ്, 23 വയസ്സുള്ള ഒരു യുവതി – പോളിൻ മേരി ജരിക്കോട്ട് – സഭയുടെ മിഷനറി പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ ഒരു അസോസിയേഷൻ കണ്ടെത്താൻ ധൈര്യം കാണിച്ചത് കൊണ്ടാണ് ലിയോണിൽ കൂടിക്കാഴ്ച നടക്കുന്നതെന്ന് അദ്ദേഹം കുറിക്കുന്നു.

അവൾ ഒരു സമ്പന്ന കുടുംബത്തിൽ നിന്നാണ് വന്നതെന്നും എന്നാൽ ദാരിദ്ര്യത്തിൽ മരിച്ചുവെന്നും കൂട്ടിച്ചേർത്തു, 'സ്വർഗ്ഗത്തിൽ നിധികൾ ശേഖരിക്കാൻ അവൾക്ക് അറിയാമായിരുന്നു' (മത്തായി 6:19), അവളുടെ വാഴ്ത്തപ്പെടലിലൂടെ സഭ സാക്ഷ്യപ്പെടുത്തുന്നുവെന്ന് മാർപ്പാപ്പ പറഞ്ഞു.



**കുടിയേറ്റക്കാരും അഭയാർത്ഥികളും:**
**ഒരുമിച്ച് ഭാവി കെട്ടിപ്പടുക്കാൻ മാർപ്പാപ്പ നമ്മോട് ആവശ്യപ്പെടുന്നു**


ഇന്റഗ്രൽ ഹ്യൂമൻ ഡെവലപ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനായി ഡികാസ്റ്ററിയിലെ മൈഗ്രന്റ്സ് ആൻഡ് റെഫ്യൂജീസ് വിഭാഗം നിർമ്മിച്ച ഒരു വീഡിയോ, കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ലോക ദിനത്തിനായുള്ള ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശത്തിന്റെ പ്രകാശനം അടയാളപ്പെടുത്തുന്നു. എല്ലാ വർഷവും WDMR സെപ്റ്റംബറിലെ അവസാന ഞായറാഴ്ചയാണ്; 2022 ൽ ഇത് സെപ്റ്റംബർ 25 ന് ആഘോഷിക്കും.



കെ.സി.ബി.സി മീഡിയ കമ്മീഷനും, കുട്ടികളുടെ പ്രമുഖ മാസികയായ സ്നേഹസേനയും, ചേർന്ന് സംഘടിപ്പിച്ച സമ്മർ ഫിയസ്റ്റ ക്യാമ്പ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ.ജേക്കബ് ജെ പാലയ്ക്കാപ്പിള്ളി ഉദ്ഘാടനം ചെയ്തു.കെസിബിസി മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ.ഡോ.ഏബ്രഹാം ഇരിമ്പിനിക്കൽ,ഫാ.ഷെയ്സ് എന്നിവർ സമീപം.

## അക്ഷരം/ പുസ്തകം

### വിശുദ്ധ കുർബാനയിലെ വചന ശുശ്രൂഷയുടെ ദൈവശാസ്ത്രമാനങ്ങൾ




വിശുദ്ധ കുർബാനയിലെ വചനപാരായണത്തിന്റെ പ്രാധാന്യം മാത്രമല്ല ഡോ. സൈറസ് വേലംപറമ്പിൽ രചിച്ച "വിശുദ്ധ കുർബാനയുടെ വചനശുശ്രൂഷ: ഒരു വിശുദ്ധ ഗ്രന്ഥ വിശകലനം" എന്ന ഗ്രന്ഥത്തിലുള്ളത്. കത്തോലിക്കാസഭയുടെ ആരാധനാക്രമ ചടങ്ങുകളിൽ വചനം വഹിക്കുന്ന മഹത്തായ സ്ഥാനം ഈ ഗ്രന്ഥത്തിൽ രചയിതാവ് വിശദീകരിക്കുന്നു.

വചനശുശ്രൂഷയുടെ മൗലികമായ പൊതുഘടനയിലേക്കും ദൈവശാസ്ത്രത്തിലേക്കും ചരിത്രപരവും വിശുദ്ധഗ്രന്ഥത്തിൽ അധിഷ്ഠിതമായ ഉറവിടങ്ങളിലേക്കുമാണ് ഗ്രന്ഥകാരൻ വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നത്.

പഴയനിയമ– യഹൂദ പാരമ്പര്യങ്ങളിലെ വചനാഘോഷങ്ങളെ വിശകലനം ചെയ്യുമ്പോൾ ഇസ്രയേൽ ജനത്തിന്റെ വചന ശുശ്രൂഷ എത്രത്തോളം ആഴത്തിൽ വേരോട്ടമുള്ളതാണെന്ന് മനസ്സിലാക്കാൻ കഴിയും. ഈ ഗ്രന്ഥത്തിലെ രണ്ട് ഭാഗങ്ങളിൽ ആദ്യ ഭാഗം ഈ ആശയത്തിന്റെ വിശദമായ പഠന മനനങ്ങൾക്ക് നീക്കിവച്ചിരിക്കുകയാണ്. രണ്ടാം ഭാഗത്താണ് അപ്പസ്തോലിക – ഉപ അപ്പസ്തോലിക കാലഘട്ടത്തിലെ വചനശുശ്രൂഷയുടെ മുൻരൂപങ്ങളെ ആധാരമാക്കിയുള്ള പഠനമുള്ളത്.

പുരാതന ദൈവശാസ്ത്രതത്വമായ "പ്രാർത്ഥനയുടെ ജീവിതം, വിശ്വാസത്തിന്റെ ജീവിതം" കണക്കിലെടുത്തുകൊണ്ട് ബൈബിളും ആരാധന ക്രമവും ഐക്യത്തിൽ സമന്വയിച്ച് കാണണമെന്ന് സൈറസച്ചൻ സമർത്ഥിക്കുന്നു. വിശുദ്ധകുർബാനയിലെ വചനശുശ്രൂഷയുടെ ഉത്ഭവകാലരൂപങ്ങൾ വിശ്വാസികളുടെ ഹൃദയത്തിൽ ആഴത്തിൽ പതിപ്പിക്കാൻ ഈ ഗ്രന്ഥം ഏറെ സഹായകമാകും.



വാർത്തയും ചിന്തയും

# അവസരവാദം രാഷ്ട്രീയക്കാർക്ക് ഇന്ന് അലങ്കാരമായോ ?

**വാർത്ത**

**ആന്റണി ചടയംമുറി**

കോൺഗ്രസിന്റെ ചിന്താശിബിരത്തിൽ രൂപപ്പെട്ടതെല്ലാം പഴയ കുപ്പായത്തിൽ പുതിയ തുണിക്കഷണങ്ങൾ തുന്നിപ്പിടിപ്പിക്കലായി. കോൺഗ്രസ് ഭരിച്ചപ്പോൾ ശതകോടികൾ സമ്പാദിച്ചവർ, കോടതി വ്യവഹാരങ്ങളിലൂടെ തുക്കടാവക്കീൽ അവസ്ഥയിൽ നിന്ന് പാർട്ടി നേതാക്കളായവർ, മരിക്കുന്നതും ക്യാബിനറ്റ് റാങ്കിലാകണമെന്നു മോഹിക്കുന്നവർ അങ്ങനെയുള്ള ലൊട്ടുലൊട്ടുക്ക പരിപാടിയാണിപ്പോൾ രാഷ്ട്രീയം.

കെ റെയിൽ വന്നാൽ എല്ലാം ശരിയാകുമെന്നു പറയുന്ന മുഖ്യമന്ത്രി, കേരളത്തിന്റെ മറ്റ് എല്ലാ പ്രശ്നങ്ങളും തമസ്കരിക്കുകയാണ്. ദേശീയ, പ്രാദേശിക രാഷ്ട്രീയക്കാർ തെരഞ്ഞെടുപ്പുകാലത്ത് ജന്മിമാർ തെങ്ങ് കയറി തേങ്ങയിടാനെത്തുന്ന വേഷത്തിലാണ് ഇന്ന്. അവസരവാദമെന്നത് രാഷ്ട്രീയക്കാർക്ക് അലങ്കാരമാണിപ്പോൾ. ഏതൊരു രാഷ്ട്രീയ പാർട്ടിയും ജീർണതയുടെ പടുകുഴിയിലാണ്. ഏതൊരു രാഷ്ട്രീയ പാർട്ടിയും ജനങ്ങളെ മുഖവിലയ്ക്കെടുക്കുന്നതേയില്ല. ജനകീയപ്രശ്നങ്ങൾ വിദഗ്ധമായി തമസ്കരിക്കാൻ നേതാക്കളും പാർട്ടി അനുയായികളും മൽസരിക്കുന്നു. ഇതൊരു വാർത്തയല്ലന്നറിയാം . വാർത്തകളിലെ വരികൾക്കിടയിൽ കണ്ടെടുക്കാനാവുന്ന ജനാഭിപ്രായത്തിന്റെ കണ്ണുനീർത്തുള്ളികളാണ്!

**ചിന്ത**

ചാക്കിലെ കടുകുമണികൾ പോലെയാണ് അനുയായികൾ. ഗ്രഹണശക്തി കുറഞ്ഞ അവർക്ക് എന്തും വേഗം മറക്കാൻ കഴിയും. അതുകൊണ്ട് ചുരുക്കം ചില കാര്യങ്ങളിൽ ഒതുക്കി പ്രചാരവേല മുന്നിലേക്കെറിഞ്ഞു കൊടുക്കണം.

**ഇ. വാസു (വന്ദേമാതരം – പേജ് 244)**



# ആസ്ട്രേലിയായിൽ വൈദികനാകാൻ സ്വാഗതം

ആസ്ട്രേലിയായിലെ മെൽബൺ സീറോ മലബാർ രൂപതയിൽ വൈദികനായി അഭിഷേകത്തോടെ അഭിമാനത്തോടെ ശുശ്രൂഷ ചെയ്യുവാൻ **S.S.L.C.**യോ ഉപരി വിദ്യാഭ്യാസമോ ഉള്ള കുഞ്ഞനുജന്മാർക്ക് സ്വാഗതം. മാർ ബോസ്കോ പുത്തൂർ പിതാവിന്റെ നേതൃത്വത്തിൽ ഒരു വൈദികനായി ആസ്ട്രേലിയായിൽ ആധുനികതയുടേയും ഉയർന്ന സെക്കുലർ വെല്ലുവിളികളുടേയും ഇടയിൽ വളർന്നു വരുന്ന യുവജനങ്ങൾക്ക് പ്രത്യേകമായും ഈശോയെ നൽകാനും സ്വയം സാക്ഷികളാകാനും യുവാക്കളെ ക്ഷണിക്കുന്നു.

Vocation Promotor:
**St. John Paul II Minor Seminary;**
**Thirumudikunnu;**
**Koratty East; 680308:**
Phone: **9847923332,**
email: **lawrancet@hotmail.com**

CATHOLIC ARCHDIOCESE
OF MELBOURNE

VATHICAN THARANGAM
RN 55178/94
Total Pages 32 Date of Publication 21-05-2022




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.